കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# നെന്മാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

**e-mail: auditlfdopkd@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി.18-1589 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 23-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മാറ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-18/1589/2017 തിയ്യതി: 23-08-2017

## പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

### (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-11-2016 മുതൽ 24-7-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>(അഡി.ചാർജ് 08.08.2017 FN വരെ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-8-2017 മുതൽ 7-8-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.വി.കെ.രാധാകൃഷ്ണൻ | ഓഡിറ്റർ |
| ശ്രീമതി.പി.കാർത്തിക | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.പ്രേമൻ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.ഇ.ഷാജഹാൻ | 1-4-2016 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സ്വാതി ലക്ഷ്മി.പി.വി | 1-4-2016 മുതൽ 13-6-2016 വരെ |
| | ശ്രീമതി. ലാലിമ്മ ജോർജ്ജ് | 14-6-2016 മുതൽ 29-6-2016 വരെ |
| | ശ്രീമതി. കവിത.ജി | 30-6-2016 മുതൽ 1-11-2016 FN വരെ |
| | ശ്രീ.സിനീഷ്.എം.എസ് | 1-11-2016 AN മുതൽ 31-1-2017 വരെ |
| | ശ്രീമതി.രേവതി.ആർ | 1-2-2017 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ.ഷിജു | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ചെല്ല.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വി.എച്ച്.അബ്ദുൾ കരീം | 1-4-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ജോവിൻ ജോസ് | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.രമ.എസ് | 1-4-2016 മുതൽ 31-3-2017 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.ബി.ജയശ്രീ | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ടി.ഡി.കൊച്ചു ത്രേസ്യ | 1-4-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അനുബന്ധ പത്രികകൾ | 1-11 |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | വസ്തു നികുതി നിർണ്ണയം - സഞ്ചയയിലെ വിവരങ്ങളിലെ വിവിധ അപാകതകൾ പരിഹരിക്കപ്പെട്ടില്ല | 2-1 |
| 2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-2 |
| 3 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2-3 |
| 4 | ഡി&ഒ ലൈസൻസ് ലൈസൻസുകൾ അനുവദിക്കുമ്പോൾ അവശ്യ രേഖകൾ ഉറപ്പാക്കേണ്ടതാണ് | 2-4 |
| 5 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ നടത്തിപ്പിനായി നിയമാവലി രൂപീകരിക്കേണ്ടതും ഡെപ്പോസിറ്റ് തുകകളുടെ കണക്ക് കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ് | 2-5 |
| 6 | പഞ്ചായത്ത് ഓഫീസിനു മുകളിൽ പൂർത്തീകരിച്ച മിനി കോൺഫറൻസ് ഹാളിൽ നിന്നും വരുമാനം ഉറപ്പാക്കേണ്ടതാണ് | 2-6 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-1 |
| 2 | ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമട്ടോറിയത്തിന്റെ പരിപാലനം അഭിനന്ദനാർഹം | 3-2 |
| 3 | ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് | 3-3 |
| 4 | മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി തുക ചെലവഴിച്ചപ്പോൾ മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-4 |

| | | |
|---|---|---|
| 5 | എസ്.സി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ- ആവശ്യത്തിലധികം സൈക്കിളുകൾ വാങ്ങിയതിനാൽ ഫണ്ട് നഷ്ടം | 3-5 |
| 6 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ വിലയുടെ യുക്തി ഭദ്രത വിലയിരുത്തി മിതവ്യയത്വം ഉറപ്പാക്കേണ്ടതാണ് | 3-6 |
| 7 | പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ആശ്രയ പദ്ധതി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ് | 3-7 |
| 8 | ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല | 3-8 |
| 9 | ആയുർവേദ ആശുപത്രിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല | 3-9 |
| 10 | പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം | 3-10 |
| 11 | വിവിധ പദ്ധതികൾ പ്രകാരമുള്ള തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ആയില്ല – തുടർനടപടികൾ ആവശ്യപ്പെടുന്നു | 3-11 |
| 12 | വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- നെന്മാറ ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം | 3-12 |
| 13 | പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല | 3-14 |
| 14 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 3-15 |
| 15 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ് | 3-16 |
| 16 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്- അവലോകനം | 3-17 |

| | | |
|---|---|---|
| 17 | വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ് | 3-18 |
| 18 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-19 |
| 19 | കെട്ടിട നിർമ്മാണത്തിന്റെ ബില്ലുകളിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് കരാറുകാർക്ക് നൽകി | 3-21 |
| 20 | ജി.ആർ.ഡി കെട്ടിട നിർമ്മാണം - പാർട്ട് ബില്ലുകൾ അനുവദിച്ചതിൽ അപാകത | 3-22 |
| 21 | ഷോപ്പിംഗ് കോംപ്ലക്സുകളുടേയും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റേയും സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 3-23 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29-2-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 240517500 രൂപയും ചെലവ് 277136379 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 19-7-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10631650 |
| വരവ് | 100589599 |
| ആകെ | 111221249 |
| ചെലവ് | 82740253 |
| നീക്കിയിരിപ്പ് | 28480996 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14319064 | 14319064 | 14319064 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 3736815 | 3736815 | 3736815 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 391914 | 391914 | 391914 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 5320538 | 5320538 | 5320538 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4608939 | 4608939 | 4608939 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4113202 | 4113202 | 4113202 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4645466 | 4645466 | 4645466 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 19878 | 29773486 | 29793364 | 29767447 | 25917 |
| ബി ഫണ്ട് | 0 | 58648935 | 58648935 | 58648935 | 0 |

## 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗിക | നടപ്പാക്കാ | ചെലവ് |
|---|---|---|---|---|---|---|

| കാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | മായി നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 152 | 113257714 | 81 | 43663588 | - | 71 | 39 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 53% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 39% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 4650000 | 4406400 | 95 |
| വി.ഇ.ഒ | 11 | 8 | 10196800 | 7775400 | 76 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 6508600 | 4648319 | 71 |
| സെക്രട്ടറി | 29 | 16 | 17262387 | 7801573 | 45 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 95 | 41 | 70025035 | 15555193 | 22 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 478713 | 386765 | 81 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 600000 | 600000 | 100 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 1280000 | 242487 | 19 |
| എച്ച്.എം | 4 | 4 | 1518179 | 1509929 | 99 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 738000 | 737522 | 100 |
| ആകെ | 152 | 81 | 113257714 | 43663588 | 39 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 5701443 | 6551388 | 849945 | (+)15 |
| നികുതിയേതര വരവുകൾ | 3827169 | 4779795 | 952626 | (+)25 |
| ആകെ | 9528612 | 11331183 | 1802571 | (+)52 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാനമെടുത്തതിൽ നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 32 | 32 | - | - |
| 2 | തൊഴിൽ രഹിത വേതനം | 25 | 20 | 5 | - |
| 3 | വിധവാ പെൻഷൻ | 91 | 79 | 11 | - |
| 4 | വികലാംഗ പെൻഷൻ | 49 | 29 | 9 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 3 | 6 | - |
| 6 | വാർദ്ധക്യ കാല പെൻഷൻ | 625 | 528 | 95 | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-8-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 19266 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 24-7-2017 | 6/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-3-2006 | 1997-98 മുതൽ 2001-02 | 23-7-2009 | - |

# 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. 2015-16, 2016-17 വർഷങ്ങളിലെ ഫണ്ട് വിനിയോഗം വിലയിരുത്തൽ

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി നിർണ്ണയം - സഞ്ചയയിലെ വിവരങ്ങളിലെ വിവിധ അപാകതകൾ പരിഹരിക്കപ്പെട്ടില്ല

വസ്തുനികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായ വിവിധ ഗാർഹികേതര സ്ഥാപനങ്ങളുടെ വസ്തുനികുതി ഫോറം 6 പരിശോധിച്ചപ്പോൾ സഞ്ചയയിലെ ഡാറ്റാ എൻട്രിയിലെ അപാകതകൾ പലതും പരിഹരിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി. ഓഡിറ്റ് കണ്ടെത്തിയ അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

1) ഓഫീസ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു

27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവിലെ ക്രമ നം.3 അനുസരിച്ച് വാണിജ്യ,

വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട ബാങ്ക് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.
നിർണ്ണയിക്കേണ്ട നികുതി നിരക്ക് - 30

| ഫോറം 6 പ്രകാരം | | | | | നിർണ്ണയിക്കേണ്ട നികുതി | ഇളവ് / വർദ്ധനവ് | ബാധകമായ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| ക്രമ നം. | വാർഡ് / കെട്ടിട നം, കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | പഴയ നികുതി | പരിമിതപ്പെടുത്തിയ തുക (100%) | | | | |
| 1 | 1/611 വി.വി.ഗുരുവായൂരപ്പൻ (PDC ബാങ്ക്) | 120 | 756 | 1512 | 3600/- | ഇളവ് (കാലപ്പഴക്കം – 20%) വർദ്ധനവ് (വഴി - 20%) | 3600 | 2088 |
| 2 | 16/782 മാലതി വിശ്വനാഥൻ (പഞ്ചാബ് നാഷണൽ ബാങ്ക്) | 91.6 | 1158 | 2316 | 2748 | ഇളവ് (കാലപ്പഴക്കം -20%) വർദ്ധനവ് (വഴി - 20%) | 2748 | 432 |
| ആകെ | | | | | | | | 2510 |

2) <u>ഉപയോഗക്രമം, വിസ്തീർണ്ണം എന്നിവ തെറ്റായി രേഖപ്പെടുത്തിയത് ക്രമീകരിച്ചില്ല</u>

താഴെ പറയുന്ന 100 $m^2$-ൽ കൂടുതൽ വിസ്തീർണ്ണം ഉള്ള ബാങ്ക് കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 $m^2$ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | വാർഡ് / കെട്ടിട നം., കെട്ടിട ഉടമയുടെ | വിസ്തീർണ്ണം |
|---|---|---|

| നം. | പേര് (സ്ഥാപനം) | |
|---|---|---|
| 1 | 2/427 – A.N.മോഹൻദാസ് (ഫെഡറൽ ബാങ്ക്) | 224 $m^2$ |
| 2 | 2/503 – കൃഷ്ണൻ കൃപ (സൗത്ത് ഇന്ത്യൻ ബാങ്ക്) | 150 $m^2$ |
| 3 | 16/1005 – രവിചന്ദ്രൻ.വി (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ) | 340 $m^2$ |
| 4 | 2/771 - P.U.കോമളം (ഐ.സി.ഐ.സി.ഐ ബാങ്ക് ) | 232 $m^2$ |

ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അടിസ്ഥാന നികുതി രണ്ട് ഗണത്തിലും ചതുരശ്ര മീറ്ററിന് 30 രൂപയായതിനാൽ നിർണ്ണയിച്ച വസ്തു നികുതിയിൽ വ്യത്യാസം വരുന്നില്ല. അടിസ്ഥാന വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയത് ക്രമീകരിക്കേണ്ടതാണ്.

3) ഒരേ ഉപയോഗത്തിനുള്ള വിവിധ കെട്ടിടങ്ങൾക്ക് വ്യത്യസ്ത ഉപയോഗ ക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം നം.എ4-7581/2011 തിയതി 20-10-2011 പ്രകാരം നിശ്ചയിച്ച നിരക്കുകൾ താഴെ ചേർക്കുന്നു.

| ഉപയോഗ ക്രമം | നിരക്ക്/ച.മീ |
|---|---|
| ഓഫീസ് ആവശ്യത്തിനുള്ളവ – വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ | 30/$m^2$ |
| പാർപ്പിടം | 5/$m^2$ |
| വാണിജാവശ്യത്തിനുള്ള 100 $m^2$ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 30/$m^2$ |

ഐ.സി.ഐ.സി.ഐ ബാങ്ക് മൂന്ന് കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. ഒരു കെട്ടിടം വാണിജാവശ്യത്തിനുള്ള 100 $m^2$ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയും മറ്റ് രണ്ടെണ്ണം പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളായും പരിഗണിച്ചാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം./ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) / നിരക്ക് | ഇളവ് / വർദ്ധനവ് | ബാധകമായ നികുതി (രൂ.30/ച.മീ) | ഫോറം 6 പ്രകാരം നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 771/2 വാണിജാവശ്യത്തിനുള്ള | 232 / | വർദ്ധനവ് (വഴി | 8352 | 8352 | -- |

| | | | | | | |
|---|---|---|---|---|---|---|
| | 100 $m^2$ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 30 | - 20%) | | | |
| 2 | 2/771 A<br>പാർപ്പിടം | 231.48 / 5 | വർദ്ധനവ് (വഴി - 20%) | 8333 | 1389 | 6944 |
| 3 | 2/771 B<br>പാർപ്പിടം | 231.48 / 5 | വർദ്ധനവ് (വഴി - 20%) | 8333 | 1389 | 6944 |
| | ആകെ | | | | | 13888 |

ഓഡിറ്റ് നിർദ്ദേശം

സ.ഉ(എം.എസ്) നം. 358/15/ ത.സ്വ.ഭ.വ തിയതി 16-12-2015 പ്രകാരം പരാതികൾക്കും ആക്ഷേപങ്ങൾക്കും ഇടനൽകാതെ വസ്തു നികുതി നിർണ്ണയ പുനക്രമീകരണ നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 31-12-2015 നുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിനാൽ നിശ്ചിത തീയതിക്കകം ഡാറ്റാ എൻട്രിയിലെ അപാകത പരിഹരിക്കാത്തതിനാൽ ഉണ്ടായിട്ടുള്ള നികുതി നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

നഷ്ടം – 2510+13888 = 16398 രൂപ

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 20/5-8-2017 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സഞ്ചയയിലെ അപാകതകൾ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

8 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നതായി ഓഡിറ്റിന് സമർപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിലെ കാര്യക്ഷമത പരിശോധിക്കുന്നതിന്റെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ടവർ ഉടമകൾ വർഷങ്ങളോളം നികുതി കുടിശ്ശിക

വരുത്തിയിട്ടുള്ളതായി കണ്ടെത്തി.

8 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 177996 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി | കുടിശ്ശിക ഏതു വർഷം മുതൽ |
|---|---|---|---|---|---|
| 1 | 14/422 | ബി.എസ്.എൻ.എൽ | 5184 | 20736 | 2013-14 മുതൽ 2016-17 വരെ |
| 2 | 7/149 | എസ്സാർ ടെലികമ്മ്യൂണിക്കേഷൻ | 5184 | 20736 | |
| 3 | 10/4 | ബി.എസ്.എൻ.എൽ | 4224 | 16896 | |
| 4 | 12/3 | ബി.എസ്.എൻ.എൽ | 4608 | 18432 | |
| 5 | 16/356 | ബി.എസ്.എൻ.എൽ | 7920 | 31680 | |
| 6 | 7/472 | എസ്സാർ ടെലികമ്മ്യൂണിക്കേഷൻ | 5574 | 11148 | 2016-17 മുതൽ |
| 7 | 5/91 | ഇൻഡസ് ടവർ | 11520 | 46080 | 2013-14 മുതൽ |
| 8 | 3/4 | ബി.എസ്.എൻ.എൽ | 3072 | 12288 | 2013-14 മുതൽ |
| ആകെ | | | | 177996 | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2 /2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷാ ഫീസ് 25000 രൂപയാണ്.

മൊബൈൽ ടെലിഫോൺ ടവറിന് സ.ഉ(അ)നം.19/2011/ത.സ്വ.ഭ.വ തിയതി 14-1-2011 പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1. മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടം ഉണ്ടാകാതിരിക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.5 /3-8-2017)

# 2-3 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം. | സ്ഥാപനത്തിന്റെ പേര് | ജീവന ക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|---|---|
| 1 | ICDP വെറ്ററിനറി സബ്സെന്റർ | 1 | ഒന്നാം അർദ്ധവർഷം 1250/- | രണ്ടാം അർദ്ധ വർഷം |
| 2 | കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർസ് ലിമിറ്റഡ് | 1 | ഒന്നാം അർദ്ധവർഷം 750/- | രണ്ടാം അർദ്ധ വർഷം |
| 3 | പട്ടിക ജാതി വികസന ഓഫീസർ | 2 | രണ്ടാം അർദ്ധ വർഷം 1550/- | ഒന്നാം അർദ്ധവർഷം |
| 4 | കുടുംബശ്രീ ഓഫീസ് | 1 | ഒന്നാം അർദ്ധവർഷം 450/- | രണ്ടാം അർദ്ധ വർഷം |

| | | | | |
|---|---|---|---|---|
| 5 | പാലിയേറ്റീവ് കെയർ നഴ്സ് | 1 | ഒന്നാം അർദ്ധവർഷം<br><br>600/- | രണ്ടാം അർദ്ധ വർഷം |

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, നെന്മാറ, വല്ലങ്ങി | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | വല്ലങ്ങി -വിത്തനശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | ബി.എസ്.എൻ.എൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | ഐ. സി. ഐ. സി. ഐ ബാങ്ക് | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | വിത്തനശ്ശേരി ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |

സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം./ വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 516&520 -530/8 | ഹോട്ടൽ ഹോസ്റ്റ് ഇന്റർനാഷണൽ | 20 |

| | | | |
|---|---|---|---|
| 2 | 644/20 | R.S മാച്ച് ഇൻഡസ്ട്രീസ് | 20 |
| 3 | 837, 874/10 | സുപ്രീം നാരോ ബ്രിക്സ് | 7 |
| 4 | 517/7 | സീതു ഗ്രാനൈറ്റ്സ് Pvt. Ltd.(ക്വാറി) | 7 |
| 5 | 519/7 | സീതു ഗ്രാനൈറ്റ്സ് Pvt. Ltd.(ഹോളോബ്രിക്സ് മാനുഫാക്ച്ചറിംഗ് യൂണിറ്റ്) | 7 |
| 6 | 114, 115/20 | അപ്പുണ്ണി സാമിൽ & ടിമ്പേഴ്സ് | 8 |
| 7 | 683, 684/2 | തൃശ്ശൂർ പുളിക്കൻസ് ജ്വല്ലറി | 5 |
| 8 | 19/19 | ലക്ഷ്മി എഞ്ചിനിയറിംഗ് വർക്സ് | 6 |
| 9 | 288/20 | ലക്ഷ്മി സോളിഡ് ബ്രിക്സ് & ഷട്ടേഴ്സ് | 10 |
| 10 | 605 – 608/4 | മൃദുല ട്രേഡേഴ്സ് | 8 |
| 11 | 1185/11 | R.B.F എന്റർപ്രൈസസ് | 20 |
| 12 | 684/3 | നെല്ലി മോട്ടോഴ്സ് | 7 |
| 13 | 482/3 | വൈഷ്ണവി ഫ്യുവൽസ് | 6 |
| 14 | 40/11 | കാലക്കശ്ശേരി ബ്രിക്സ് | 20 |
| 15 | 628 A /17 | ടിനി ഫാമിലി റെസ്റ്റോറന്റ് | 7 |

മേൽ സൂചിപ്പിച്ച 15 സ്ഥാപനങ്ങളിലെയും മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.6/4-8-2017 മുഖേന ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഓ ലൈസൻസ് ലൈസൻസുകൾ അനുവദിക്കുമ്പോൾ അവശ്യ രേഖകൾ ഉറപ്പാക്കേണ്ടതാണ്

1) 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാര സ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം ഭക്ഷ്യോൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പിൽ

നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാത്ത നിരവധി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം./വാർഡ് നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|
| 516&520 -530/8 | ബിനോയ് ജോസഫ്, വല്ലങ്ങി, നെന്മാറ | ഹോട്ടൽ ഹോസ്റ്റ് ഇന്റർനാഷണൽ |
| 402/2 | കൃഷ്ണൻകുട്ടി.എം, നെന്മാറ | മലബാർ ഹോട്ടൽ |
| 952/7 | ബീന ടി.എസ്, കണ്ടംകുളങ്ങര ഹൗസ്, നെന്മാറ | അഷ്ടപദി ബേക്കറി |
| 427/10 | ഹർഷൻ, കയറാടി, അയിലൂർ | ചിക്കൻ സെന്റർ |
| 752/17 | എ.കെ.സിദ്ദിഖ്, വിത്തനശ്ശേരി, നെന്മാറ | ചിക്കൻ സെന്റർ |
| 230/12 | സുന്ദരൻ.വി, പള്ളിപ്പാടം | വി.വി ബേക്കറി |

6 സ്ഥാപനങ്ങളിൽ നിന്നും ആരോഗ്യവകുപ്പിൽ നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതാണ്.
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10-1-2013 ലെ 66562/ആർ.സി3/2012/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ഈ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2) സ്ഥലനാമം രേഖപ്പെടുത്തുന്നതാണെന്നും, നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽപന നടത്തുകയോ, സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നതല്ലെന്നും ഉള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പ്ലാസ്റ്റിക് വേസ്റ്റ് റൂൾസ് 2016 ലെ നിർദ്ദേശാനുസരണം വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്തുവാൻ പാടുള്ളൂ എന്ന് സർക്കുലർ നം.576/സി.സി.1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വില്പന സാധനങ്ങൾ പ്ലാസ്റ്റിക ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് എന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള രജിസ്ട്രേഷൻ നടപടികൾ ഉണ്ടായിട്ടില്ല. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീ ആയി ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച വിജ്ഞാപനം/ ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. അത്തരത്തിൽ ലഭ്യമാകുന്ന തുക സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ഈ വിഷയത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

ഓരോ വിഭാഗം സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുമ്പോൾ അതാത് സമയത്ത് ബാധകമായ ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചുള്ള രേഖകൾ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

അപേക്ഷയിലെ രേഖപ്പെടുത്തലുകൾ കൃത്യമാണെന്ന് ഉറപ്പാക്കി ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 7/4-8-2017 നുള്ള മറുപടിയിലും 8-8-2017 ലെ എക്സിറ്റ് മീറ്റിംഗിലും ഈ വിഷയത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സുകളുടെ നടത്തിപ്പിനായി നിയമാവലി രൂപീകരിക്കേണ്ടതും ഡെപ്പോസിറ്റ് തുകകളുടെ കണക്ക് കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്

ഗ്രാമപഞ്ചായത്തിന്റെ ആസ്തി വികസനവും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് 2015-16, 2016-17 വർഷങ്ങളിൽ അഞ്ച് പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുകയും ഒരെണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2 എണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഒരെണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ഒരു പ്രവൃത്തി ആരംഭിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 177 ലെ വ്യവസ്ഥ പ്രകാരമാണ് ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് സ്വരൂപിച്ചിട്ടുള്ളത്. സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കുവാനുള്ള ഗ്രാമപഞ്ചായത്തിന്റെ അധികാരം ഉപയോഗിച്ച് നിർമ്മാണം പുരോഗമിക്കുന്ന കോംപ്ലക്സുകളിൽ കടമുറികൾ ആവശ്യമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുകയും ലഭ്യമായ ഓഫറുകളിൽ നിന്നും ഉയർന്ന തുക രേഖപ്പെടുത്തിയ വ്യക്തിയുടെ ഡെപ്പോസിറ്റ് സികരിച്ച് കടമുറി അനുവദിക്കുക എന്ന സമീപനമാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്.

ഓരോ കോംപ്ലക്സിലേയും കടമുറികൾ അനുവദിക്കപ്പെട്ട വ്യക്തികളിൽ നിന്നും നാളിതുവരെ സ്വീകരിച്ചിട്ടുള്ള ഡെപ്പോസിറ്റിന്റെ വിശദാംശം താഴെ ചേർക്കുന്നു.

എ. ഡെപ്പോസിറ്റിന്റെ വിവരം

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | കട മുറി കളുടെ എണ്ണം | ഡെപ്പോ സിറ്റ് അടച്ച വരുടെ എണ്ണം | ഡെപ്പോ സിറ്റ് തുക | കുറിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ് കം കംഫർട്ട് സ്റ്റേഷൻ - ബസ് സ്റ്റാന്റിന് വടക്ക് | 5 | 3 | 4341647 | 2 എണ്ണത്തിൽ തീരുമാനമായിട്ടില്ല. |
| 2 | ഷോപ്പിംഗ് കോംപ്ലക്സ് കം കംഫർട്ട് സ്റ്റേഷൻ- ഒന്നാം നില | 4 | 4 | 2350000 | - |
| 3 | ബസ് സ്റ്റാന്റിന് തെക്ക് വശത്തെ ഷോപ്പിംഗ് കോംപ്ലക്സ്-മിൽമാ ബൂത്തിന് സമീപം | 3 | 3 | 1900110 | ശ്രീമതി.ട്രീസ വർഗ്ഗീസ് എന്ന വ്യക്തി 350000 രൂപ ഒടുക്കുവാനുണ്ട്. |
| 4 | മിൽമാ ബൂത്തുകൾ പൊളിച്ചു മാറ്റി നിർമ്മിച്ച കെട്ടിടം | 1 | 1 | 2000100 | - |
| 5 | 70/17- പഞ്ചായത്തിന് തെക്കു വശത്ത് ഷോപ്പിംഗ് കോംപ്ലക്സ്- സ്റ്റേജിനു സമീപം | 6 | 4 | 4977500 | 2 എണ്ണത്തിൽ തീരുമാനമായിട്ടില്ല. |
| 6 | ഷോപ്പിംഗ് കോംപ്ലക്സ്- സ്റ്റേജിനു സമീപം- ഒന്നാം നില | 1 | 1 | 2000000 | - |
| 7 | ഷോപ്പിംഗ് കോംപ്ലക്സ്-ബസ് സ്റ്റാന്റിന്റെ മധ്യഭാഗത്ത് | 10 | 10 | 1800000 | നിലവിലുള്ളത് പൊളിച്ച് പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിന് വേണ്ടി നിലവിലുള്ള വാടകക്കാരിൽ നിന്നും ഈടാക്കിയ ഡെപ്പോസിറ്റ് തുക. |
| ആകെ | | 30 | 26 | 1,93,69,357 | |

മേൽ തുകയിൽ ഒരു ഭാഗം കോംപ്ലക്സുകളുടെ നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി സ്ഥിര നിക്ഷേപമായി വിവിധ ബാങ്കുകളിലും ഒരു ഭാഗം തനത് ഫണ്ടിലും നിക്ഷേപിച്ചിട്ടുണ്ട്.

## ബി. ഡെപ്പോസിറ്റിന്റെ വിനിയോഗം

2016-17 വർഷം വരെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിനായി 32,77,718/- രൂപ

മേൽ തുകയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിവിധ കെട്ടിടങ്ങളുടെ നിർമ്മാണം അവസാന ഘട്ടത്തിലായതിനാൽ 2017-18 വർഷത്തിൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നതാണ്.

## സി. സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച രേഖകൾ പ്രകാരം 9191889/- രൂപ സ്ഥിരനിക്ഷേപമായി വിവിധ ബാങ്കുകളിൽ നീക്കിയിരിപ്പായുണ്ട്. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം 9359782/- രൂപ സ്ഥിരനിക്ഷേപമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിലെ നിക്ഷേപത്തിന്റെ കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ പലിശ വരവ് എഴുതി ചേർക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

## ഡി. തനത് ഫണ്ടിൽ അവശേഷിക്കുന്ന നിക്ഷേപം

6899750/- രൂപ തനത് ഫണ്ടിൽ നിലവിൽ അവശേഷിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഷോപ്പിംഗ് കോംപ്ലക്സ് ഡെപ്പോസിറ്റ് തുകകളുടെ വരവ്, സ്ഥിര നിക്ഷേപം, ചെലവ്, നീക്കിയിരിപ്പ് എന്നിവ കാണിക്കുന്ന സംക്ഷിപ്തം ഇതിനായുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ നിന്നും ശേഖരിച്ച കണക്ക് പ്രകാരവും ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകിയ സ്ഥിര നിക്ഷേപത്തിന്റെ പത്രിക പ്രകാരവും, മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള കണക്കാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്.

## ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 177 പ്രകാരം പഞ്ചായത്ത് ഏതെങ്കിലും ഒരു ആവശ്യത്തിനായി സ്വീകരിക്കുന്ന സംഭാവനകളും ട്രസ്റ്റുകളും ആ ആവശ്യത്തിനു മാത്രമായി വിനിയോഗിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ ഷോപ്പിംഗ് കോംപ്ലക്സിന്റേയും കടമുറികൾക്കായി സ്വീകരിക്കുന്ന നിക്ഷേപം ആ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് മാത്രമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. വ്യക്തികളിൽ നിന്നും സ്വീകരിച്ചിട്ടുള്ള നിക്ഷേപത്തിന്റെ കണക്ക്, ചെലവ്, സ്ഥിര നിക്ഷേപം, നിലവിലെ നീക്കിയിരിപ്പ് എന്നിവയുടെ കൃത്യമായ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
3. നിർമ്മാണം പുരോഗമിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.
4. കടമുറികളുടെ നടത്തിപ്പ്, പ്രതിമാസ വാടക, സ്വീകരിച്ച ഡെപ്പോസിറ്റുകൾ തിരികെ

നൽകുന്നതിനുള്ള മാനദണ്ഡം എന്നിവ വ്യക്തമാക്കുന്ന സമഗ്രമായ ഒരു ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതും ആയതനുസരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

- പഞ്ചായത്തിന്റെ ആസ്തി വികസനത്തിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്.



ചിത്രം-1-പഞ്ചായത്തിന്റെ തെക്ക് വശത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ്


ചിത്രം-2- ഷോപ്പിംഗ് കോംപ്ലക്സ് കം കംഫർട്ട് സ്റ്റേഷൻ


ചിത്രം-3- ബസ് സ്റ്റാന്റിന്റെ തെക്കു വശത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ്



ചിത്രം-4- നിർമ്മാണം പുരോഗമിക്കുന്ന ബസ് സ്റ്റാന്റിന്റെ മധ്യഭാഗത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ്

## 2-6 പഞ്ചായത്ത് ഓഫീസിനു മുകളിൽ പൂർത്തീകരിച്ച മിനി കോൺഫറൻസ് ഹാളിൽ നിന്നും വരുമാനം ഉറപ്പാക്കേണ്ടതാണ്

പഞ്ചായത്ത് ഓഫീസിന്റെ ഏറ്റവും മുകളിലായി പൊതുയോഗങ്ങൾ നടത്തുന്നതിനായി ലക്ഷ്യമിട്ട് ഒരു മിനി കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2016-17 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും ആകെ 7 ലക്ഷം രൂപ വകയിരുത്തി രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് 607813 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊ.നം. 230/16 (80/17) - പഞ്ചായത്ത് ഓഫീസിനു മുകളിൽ ട്രസ് വർക്ക്

അടങ്കൽ- 400000 രൂപ (തനത് ഫണ്ട്)

ചെലവ് - 310800 രൂപ (ബിൽ . നം.614 /28-10-2016)

2. പ്രൊ.നം. 249/16 (81/17) – പഞ്ചായത്ത് ഓഫീസ് മിനി കോൺഫറൻസ് ഹാൾ

അടങ്കൽ - 300000

ചെലവ് - 297013

നിലവിൽ കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ലക്ഷ്യമിട്ട ആവശ്യങ്ങൾക്കായി പ്രൊയോജനപ്പെടുത്തുവാൻ തുടങ്ങിയിട്ടില്ലെന്ന് 5-8-2017 ന് അസി. എഞ്ചിനിയറോടൊപ്പം നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു.

ഹാൾ പ്രയോജനപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/7-8-2017 നുള്ള മറുപടിയിൽ നിലവിൽ പി.എസ്.സി പരിശീലനത്തിനായി ഹാൾ സൗജന്യമായി വിട്ടുകൊടുത്തിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

കോൺഫറൻസ് ഹാൾ സന്നദ്ധ സംഘടനകൾക്കും പൊതു ജനങ്ങൾക്കും യോഗങ്ങൾ നടത്തുന്നതിനായി വാടകയ്ക്ക് നൽകാവുന്നതാണ്. ഈടാക്കേണ്ട വാടക നിശ്ചയിക്കേണ്ടതും ഹാൾ പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനുള്ള സ്രോതസ്സായി മാറ്റേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

1. പൊതു ടാപ്പുകളുടെ വിവരം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 685 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ പ്രതിവർഷ നിരക്കിൽ 299688 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 35.96 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു

ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്നതായിരുന്നു 12-ാം പദ്ധതിയുടെ സമീപനം.

## 2. കുടിവെള്ളത്തിനായി ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലായില്ല

തൻവർഷം ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ചുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

1. പ്രൊജക്റ്റ് നം.29/17 - ജനറൽ

അടങ്കൽ - 600000 (CFC)

ചെലവ് - ഇല്ല

2. പ്രൊജക്റ്റ് നം.34/17- എസ്.സി.പി

അടങ്കൽ - 600000 (എസ്.സി.പി)

ചെലവ് - ഇല്ല

### ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/ തസ്വഭവ തിയതി 29-3-2017, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

3. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ

പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.3/3-8-2017 നുള്ള മറുപടിയിൽ പബ്ലിക് ടാപ്പുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നതായും ആയതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.8-8-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിലും ഇക്കാര്യം ചർച്ച ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 ഗ്രാമപഞ്ചായത്തിന്റെ ഗ്യാസ് ക്രിമട്ടോറിയത്തിന്റെ പരിപാലനം അഭിനന്ദനാർഹം

വക്കാവ് എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു ഗ്യാസ് ക്രിമട്ടോറിയം 2014-15 വർഷം മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. ക്രിമട്ടോറിയത്തിന്റെ പ്രവർത്തനം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

2016-17 വർഷത്തെ വരവ്-ചെലവ് കണക്കുകൾ

എ. വരവ്

ക്രിമട്ടോറിയത്തിൽ നിന്നുള്ള 2016-17 വർഷത്തെ വരവ് 11,50,000/- രൂപയാണ്. 462 കുടുംബങ്ങൾ ക്രിമട്ടോറിയത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

30-7-2015 ലെ പഞ്ചായത്ത് തീരുമാനം നം. 2 പ്രകാരം ഒരു മൃതശരീരം ദഹിപ്പിക്കുന്നതിനുള്ള ചാർജ്ജ് 3500 ൽ നിന്ന് 2500 രൂപയായി 1-8-2015 പ്രാബല്യത്തിൽ കുറവു ചെയ്തിട്ടുണ്ട്.

ബി. ചെലവ്

ക്രിമട്ടോറിയം നടത്തിപ്പിനായി 2016-17 വർഷത്തിൽ ചെലവഴിച്ചിട്ടുള്ള തുക 662330/- രൂപയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| 2 ജീവനക്കാരുടെ വേതനം (300 രൂപ പ്രതിദിനം) | 219000 |
| ഗ്യാസ് സിലിണ്ടർ | 355912 |
| ഡീസൽ | 7479 |

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 68737 |
| അറ്റകുറ്റപണികൾ | 11202 |
| ആകെ ചെലവ് | 662330 |

2016-17 വർഷത്തിൽ 487670 രൂപ പഞ്ചായത്തിന് ക്രമട്ടോറിയം നടത്തിപ്പിൽ അധിക വരുമാനം ഉണ്ടായിട്ടുണ്ട്.
ക്രിമട്ടോറിയം നല്ല രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ടെന്ന് 5-8-2017-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എഞ്ചിനിയർ എന്നിവരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ക്രിമട്ടോറിയത്തിന്റെ വരവ്-ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് ബാധ്യതയില്ലാതെയും പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിലും ക്രിമട്ടോറിയം പരിപാലിക്കുന്നത് അഭിനന്ദനാർഹമാണ്.

ക്രിമട്ടോറിയത്തിന്റെ തുടർനടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി ഗ്രാമപഞ്ചായത്ത് പരിഗണിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ക്രിമട്ടോറിയത്തിന്റെ അറ്റകുറ്റപണികൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. വരവ്-ചെലവ് കണക്കുകൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്തേണ്ടതും ചെലവിന് ആനുപാതികമായി ചാർജ്ജ് വർദ്ധനവ് വരുത്തുന്നത് പരിഗണിക്കേണ്ടതുമാണ്.

3. ക്രിമട്ടോറിയത്തിന്റെ മേൽനോട്ട ചുമതല രേഖാമൂലം ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിക്കാവുന്നതും വിവിധ പ്രശ്നങ്ങൾ യഥാസമയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ നിർദ്ദേശിക്കാവുന്നതുമാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് കുറിപ്പ് നം. 22/8-8-2017നുള്ള മറുപടിയിൽ ചെലവിന് ആനുപാതികമായി ചാർജ്ജ് വർദ്ധനവ് വരുത്തുന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.





ഗ്രാമപഞ്ചായത്തിന്റെ ഗ്യാസ് ക്രിമട്ടോറിയം

## 3-3 ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. 2016-17 ൽ ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ വിശദാംശം

വക്കാവ് എന്ന സ്ഥലത്ത് ഗ്യാസ് ക്രിമട്ടോറിയത്തോട് ചേർന്നുള്ള ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് ഒരു ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2016-17 വർഷത്തിൽ പ്രൊജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പെടെ ആകെ 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 50 ലക്ഷം രൂപ ലഭ്യമായിട്ടുണ്ടെങ്കിലും തൻവർഷം പദ്ധതി പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ വിശദമായ രൂപരേഖയും നാളിതുവരെ തയ്യാറാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 130/17 - ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം

അടങ്കൽ - 1.20 കോടി

(സി.എഫ്.സി - 500000 + തനത് ഫണ്ട് - 1500000 + ബ്ലോക്ക് പഞ്ചായത്ത് - 5000000 + ജില്ലാ പഞ്ചായത്ത് - 5000000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

ബി. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായതിന്റെ വിവരം

പ്ലാന്റ് നിർമ്മാണത്തിനുള്ള നെന്മാറ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 50 ലക്ഷം രൂപ ഡി.ഡി നം. 298364/2-1-2017 പ്രകാരം ലഭ്യമാവുകയും തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്തിട്ടുണ്ട്.

സി. ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ പരിപാലനം - നിലവിലെ സ്ഥിതി

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ദിനം പ്രതി ശേഖരിക്കുന്ന മാലിന്യം

വക്കാവ് എന്ന സ്ഥലത്തുള്ള പഞ്ചായത്ത് വക സ്ഥലത്ത് നിക്ഷേപിക്കുന്നുണ്ട്. ട്രാക്ടർ ഡ്രൈവർ ഉൾപ്പെടെ 5 ജീവനക്കാരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെയാണ് ശേഖരണവും നിക്ഷേപവും നടത്തുന്നത്. നിലവിൽ യാതൊരു വിധത്തിലുള്ള മാലിന്യ സംസ്കരണവും നടക്കുന്നില്ല. നിലവിൽ മാലിന്യം കുന്നുകൂടി കിടക്കുന്ന സ്ഥിതിയാണുള്ളത്.
5-8-2017 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എഞ്ചിനിയർ എന്നിവരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ ഇക്കാര്യം ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

പരിസര പ്രദേശത്ത് ജനവാസം ഇല്ലാത്തതിനാൽ പരാതികളൊന്നും ഉയർന്നിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മാലിന്യത്തിന്റെ അളവ് എത്രയെന്ന് കണക്കാക്കുന്നതിനുള്ള ശാസ്ത്രീയ പഠനങ്ങളൊന്നും നാളിതുവരെ നടത്തിയിട്ടില്ല.

മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിനായി സർക്കാർ ധാരാളം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) 24-2-2016-ന് നിയമസഭയിൽ സമർപ്പിച്ച 65-ാമത് റിപ്പോർട്ടിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ പരിപാലനത്തിനായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമാക്കുന്നതിനായി താഴെ പറയുന്ന സാധ്യതകൾ ഗ്രാമപഞ്ചായത്ത് പരിഗണിക്കേണ്ടതാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വിവിധ സ്രോതസ്സുകളിൽ നിന്നും ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ് കണക്കാക്കുന്നതിനായി ശാസ്ത്രീയമായ പഠനം നടത്തേണ്ടതാണ്.

2. പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറവു ചെയ്യുക എന്ന സമീപനം സ്വീകരിക്കേണ്ടതാണ്, ഇതിനായി ഗാർഹിക തലത്തിലുള്ള മാലിന്യസംസ്കരണ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

3. പ്ലാന്റ് നിർമ്മാണത്തിനു മുമ്പായി വിശദമായ സാധ്യതാ പഠനം നടത്തി സമഗ്രമായ പദ്ധതി തയ്യാറാക്കിയതിനുശേഷം മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവരുടെ സാങ്കേതിക സഹകരണം ഉറപ്പാക്കേണ്ടതാണ്.

5. പ്ലാന്റ് നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തനത് ഫണ്ട് വിഹിതത്തിനു പകരം സർക്കാരിൽ നിന്നും പ്രത്യേക ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

6. മാലിന്യ സംസ്കരണ പ്രൊജക്ടുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായുള്ള ശുചിത്വ

പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന വിധത്തിൽ ആയിരിക്കേണ്ടതാണെന്ന 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പരിഗണിക്കേണ്ടതാണ്.

7. ജൈവ മാലിന്യങ്ങൾ ജൈവവള ഉൽപാദനത്തിനും ഊർജ്ജോൽപാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രൊജക്റ്റുകൾ ആവിഷ്കരിക്കണം.

8. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

9. കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

10. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ കംപോസ്റ്റ് പിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

11. പ്ലാന്റിൽ കൊണ്ടുവന്നതിനു ശേഷം വേർതിരിക്കുന്നതിനു പകരം മാലിന്യങ്ങൾ സ്രോതസ്സുകളിൽ നിന്നുതന്നെ വേർതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

12. പഞ്ചായത്ത് വക സ്ഥലത്ത് നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ശ്രമം അടിയന്തിരമായി നടത്തേണ്ടതാണ്.

13. വിവിധ സ്ഥലങ്ങളിൽ പ്ലാസ്റ്റിക് കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

14. ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനുള്ള സാധ്യത എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

15. വ്യാപാര സ്ഥാപനങ്ങൾക്ക് സ്വന്തമായ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

16. പ്ലാസ്റ്റിക് വേസ്റ്റ് റൂൾസ് 2016 ലെ നിർദ്ദേശാനുസരണം വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്തുവാൻ പാടുള്ളൂ എന്ന് സർക്കുലർ നം. 576/സി.സി.1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

17. മാലിന്യ നിയന്ത്രണം ശക്തമാക്കുന്നതിനായി വ്യാപാരി-വ്യവസായികൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ ബോധവത്കരണ പരിപാടികൾ

സംഘടിപ്പിക്കേണ്ടതാണ്. ആയതിനായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള 21/6-8-2017 നമ്പർ മറുപടിയിൽ ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



*മാലിന്യനിക്ഷേപം നടത്തിക്കൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്ത് വക സ്ഥലം*

## 3-4 മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി തുക ചെലവഴിച്ചപ്പോൾ മാനദണ്ഡങ്ങൾ പാലിച്ചില്ല

മരുന്ന് വാങ്ങലിനും പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനുമായി മെയ്ന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) ചെലവഴിച്ച നടപടി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരുന്നോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. 2016-17 വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊ.നം, പ്രൊജക്ട് | ചെലവ് | ബിൽ നം. / തിയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 39/17-മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 29987 | 2/24-1-17 | വെറ്ററിനറി സർജ്ജൻ |

| | | | | |
|---|---|---|---|---|
| 2 | 12/17-ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ | 600000 | 1/17-3-17 | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3 | 33/17-ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ | 200000 | 30/6-3-17 | സെക്രട്ടറി |
| 4 | 11/17-വാട്ടർ അതോറിറ്റിയിലേക്ക് കുടിവെള്ള കരം അടയ്ക്കൽ | 2000000 | 19/14-12-16 | സെക്രട്ടറി |
| ആകെ | | 2829987 | - | |

ജല അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 2000000 രൂപ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും പ്രൊജക്ട് ആവിഷ്കരിച്ച് തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടുണ്ട്.

സ.ഉ(എം.എസ്)നം.330/2004/ത.സ്വ.ഭ.വ തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച പൊതു ആവശ്യ ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ വിനിയോഗ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2 പ്രകാരം ആവശ്യമെങ്കിൽ പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് പൊതു ആവശ്യ ഗ്രാന്റിനു പുറമേ ആകെ മെയ്ന്റനൻസ് ഗ്രാന്റിന്റെ (റോഡ് + നോൺ റോഡ്) 10% തുക കൂടി വിനിയോഗിക്കാവുന്നതാണ്. ആശുപത്രികളുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള തുക കൂടി ഇതിൽ ഉൾപ്പെടുന്നതാണ്. ഉത്തരവിലെ ഖണ്ഡിക 4.8 ൽ മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2016-17 വർഷത്തെ സംസ്ഥാന ബജറ്റിലെ അപ്പന്റിക്സ് IV പ്രകാരം നെന്മാറ ഗ്രാമപഞ്ചായത്തിന്റെ മെയ്ന്റനൻസ് ഗ്രാന്റിന്റെ അലോട്ട്മെന്റ് വിവരം താഴെ ചേർക്കുന്നു.

| മെയ്ന്റനൻസ് ഗ്രാന്റ് | അലോട്ട്മെന്റ് |
|---|---|
| റോഡ് | 4714000 |
| റോഡിതരം | 12283000 |
| ആകെ | 16997000 |

മെയ്ന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റിന്റെ 10% തുകയായ 1699700/- രൂപ മരുന്നുകൾക്ക് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്. 2016-17 വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം വിവിധ ആവശ്യങ്ങൾക്കായി 2829987/- രൂപ ചെലവഴിച്ചിട്ടുണ്ട്.

അനുവദനീയമായ ചെലവ് പരിധി 1699700/- രൂപയാണ്. അധികമായി 1130287/- രൂപ ചെലവഴിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.2/3-8-2017-നുള്ള മറുപടിയിൽ പരിധി പാലിക്കേണ്ടതാണെന്ന ഉത്തരവ് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് അധിക തുക ചെലവഴിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

അധികം ചെലവഴിച്ച തുക തനത് ഫണ്ടിൽ നിന്നും ക്രമീകരിക്കുകയോ സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. ആയതു വരെ വകമാറ്റി ചെലവഴിച്ച 1130287/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 3-5 എസ്.സി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ - ആവശ്യത്തിലധികം സൈക്കിളുകൾ വാങ്ങിയതിനാൽ ഫണ്ട് നഷ്ടം

പ്രൊജക്റ്റ് നം: 89/17-എസ്.സി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 326600 (എസ്.സി.പി)

ചെലവ് - 326600

ബിൽ നം. 36/17-3-2017

എസ്.സി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ എന്ന പദ്ധതി പ്രകാരമുള്ള വാങ്ങൽ നടപടികളിലെ കാര്യക്ഷമത വിലയിരുത്തുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ആയതനുസരിച്ച് പദ്ധതി നിർവ്വഹണ രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ്

കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

വിവിധ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 39 ആൺകുട്ടികൾക്കും 32 പെൺകുട്ടികൾക്കും സൈക്കിളുകൾ വാങ്ങി നൽകുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുകയും പട്ടികജാതി വകുപ്പിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് സൈക്കിളുകൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത റെയ്ഡ്കോ കേരള ലിമിറ്റഡിന് ടെണ്ടർ ഉറപ്പിച്ച് നൽകുകയും സപ്ലൈ ഉത്തരവ് നൽകുകയും ചെയ്തു. ആൺകുട്ടികളുടെ സൈക്കിളിന് നികുതി ഉൾപ്പെടെ 4400 രൂപയും പെൺകുട്ടികളുടെ സൈക്കിളിന് 4300 രൂപയുമാണ് റെയ്ഡ്കോ ക്വോട്ട് ചെയ്തിരുന്ന നിരക്ക്.

ടെണ്ടർ പരസ്യം നം. എ1-10(2)/16/9-11-2016

ആൺകുട്ടികളുടെ സൈക്കിൾ 41 എണ്ണവും പെൺകുട്ടികളുടെ സൈക്കിൾ 34 എണ്ണവും വിതരണം ചെയ്തിട്ടുള്ളതായി ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇരു വിഭാഗത്തിലും ലക്ഷ്യമിട്ടതിനേക്കാളും രണ്ട് സൈക്കിളുകൾ വീതം അധികം വാങ്ങിയിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

റെയ്ഡ്കോയുടെ ഇൻവോയ്സിന്റെ വിവരം താഴെ ചേർക്കുന്നു.

ഇൻവോയ്സ് നം. 07098/13-3-2017

| ഇനം | എണ്ണം | നിരക്ക് (നികുതി ഉൾപ്പെടെ) | തുക |
|---|---|---|---|
| ആൺകുട്ടികളുടെ സൈക്കിൾ | 41 | 4400 | 180400 |
| പെൺകുട്ടികളുടെ സൈക്കിൾ | 34 | 4300 | 146200 |
| ആകെ | | | 326600 |

സ്കൂൾ അധികൃതരിൽ നിന്നും ലഭ്യമാക്കിയ പട്ടികയിൽ 39 ആൺകുട്ടികൾക്കും 32 പെൺകുട്ടികൾക്കും സൈക്കിളുകൾ ലഭ്യമായതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇരു വിഭാഗത്തിലും രണ്ട് സൈക്കിളുകൾ വീതം വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 4/3-8-2017 നുള്ള മറുപടിയിൽ അധികമായി വാങ്ങിയ 4 സൈക്കിളുകളും ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടെന്നും ആയവ ഉടൻ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ആവശ്യകത വിലയിരുത്താതെ അധികമായി വാങ്ങിയ സൈക്കിളുകൾ തുടർ വർഷത്തിൽ വിതരണം ചെയ്യുന്നതാണെന്നുള്ള മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ 4 സൈക്കിളുകളുടെ വിലയായ 17400 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് (നികുതി ഉൾപ്പെടെ) | തുക |
|---|---|---|---|
| ആൺകുട്ടികളുടെ സൈക്കിൾ | 2 | 4400 | 8800 |
| പെൺകുട്ടികളുടെ സൈക്കിൾ | 2 | 4300 | 8600 |
| ആകെ | | | 17400 |

ഓഡിറ്റ് നിർദ്ദേശം

വികസന ഫണ്ടിനുണ്ടായ നഷ്ടം 17400 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

വാങ്ങലുകൾ നടത്തുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ(പി)നം. 259/2010/ത.സ്വ.ഭ.വ തിയതി 8-11-2010 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

വാങ്ങലുകൾ നടത്തുന്നതിനു മുമ്പായി ആവശ്യകത വിലയിരുത്തി വാങ്ങൽ പദ്ധതി തയ്യാറാക്കേണ്ടതും ആയതിനനുസരിച്ച് മാത്രം വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-6 സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ വിലയുടെ യുക്തി ഭദ്രത വിലയിരുത്തി മിതവ്യയത്വം ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം 36 വാട്ടിന്റേയും 24 വാട്ടിന്റേയും എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ലോക ബാങ്ക് സഹായത്തിൽ നിന്നും 2555157 രൂപയും തനത് ഫണ്ടിൽ നിന്ന് 19843 രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 13/17

അടങ്കൽ - 2570000 (KLGSDP - 2555157 + തനത് ഫണ്ട് - 19843)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 2555157 രൂപ (KLGSDP)

ബിൽ നം. 5/14-8-2016

2575000 രൂപ അടങ്കൽ നിശ്ചയിച്ച് തയ്യാറാക്കിയ പദ്ധതി പ്രകാരം ലാമ്പുകൾ വാങ്ങുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ

നിരക്ക് രേഖപ്പെടുത്തിയ മെനോറ പവർ, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 9-6-2016 ലെ തീരുമാനം II പ്രകാരമാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

24 വാട്ടിന്റെ ലാമ്പ് ഒന്നിന് 3850 രൂപ നിരക്കിൽ 279 എണ്ണവും, 36 വാട്ടിന്റ ലാമ്പ് ഒന്നിന് 4620 രൂപ നിരക്കിൽ 324 എണ്ണവുമാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. ലാമ്പുകൾക്ക് മൂന്ന് വർഷത്തെ വാറണ്ടിയും ഉറപ്പാക്കിയിട്ടുണ്ട്.

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനുമായി മാത്രം വിലപേശൽ നടത്താവുന്നതാണെന്നും കരാറുകാരൻ വിലപേശലിന് തയ്യാറായില്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതാണെന്നും സ.ഉ(പി)നം. 259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലും 2013 ലെ സ്റ്റോർ പർച്ചേസ് മാന്വലിലും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം ക്വോട്ട് ചെയ്ത നിരക്കിന്റെ യുക്തിഭദ്രത ഉറപ്പാക്കിയതിന്റേയോ വിലപേശൽ നടത്തിയതിന്റേയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വലിയ അടങ്കൽ തുകയുള്ള പദ്ധതികളിൽ വിലയുടെ യുക്തി ഭദ്രത ഉറപ്പാക്കാതിരുന്നാൽ വലിയ നഷ്ടം ഉണ്ടാകാനിടയുണ്ട്.

എല്ലാ ലാമ്പുകളും സ്ഥാപിച്ചതായുള്ള വൈദ്യുതി ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

പഴയ ലാമ്പുകൾ ഗ്രാമപഞ്ചായത്ത് വക ഷെഡ്ഡിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഭാവിയിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ സ.ഉ(പി)നം.259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
2. വാങ്ങലുകൾ നടത്തുമ്പോൾ സാധനങ്ങളുടെ കമ്പോള വില ഉറപ്പാക്കേണ്ടതും വില യുക്തി ഭദ്രമല്ലെങ്കിൽ റീടെണ്ടർ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
3. മിതവ്യയത്വം(Economy), കാര്യക്ഷമത(Efficiency), ഫലപ്രാപ്തി(Effectiveness), സുതാര്യത(Transparency), ഉത്തരവാദിത്തം (Accountability) എന്നീ അടിസ്ഥാന വാങ്ങൽ തത്വങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. സ്റ്റോർ റൂമിൽ സൂക്ഷിച്ചിട്ടുള്ള പഴയ ലാമ്പുകൾ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.4/3-8-2017നുള്ള മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ആശ്രയ പദ്ധതി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്

പ്രോജക്റ്റ്-163/17-പട്ടികവർഗ്ഗ ആശ്രയ പദ്ധതി

അടങ്കൽ-400000 (365814-ടി.എസ്.പി+34186-ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പിൻവലിച്ച തുകകളുടെ വിവരം

ബിൽ നം.1. 38/23.3.17=365814

2. 39/23.3.17=34186

ആകെ - 400000

പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായുള്ള പഞ്ചായത്ത് വിഹിതം കുടുംബശ്രീയുടെ സി.ഡി.എസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

(അക്കൗണ്ട് നം.20085-കനറാ ബാങ്ക്, നെന്മാറ)

നാളിതുവരെ തുക ചെലവഴിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 25/7-8-2017 നുള്ള മറുപടിയിൽ സ.ഉ(സാധാ)നം.1152/2017/തസ്വഭവ തിയതി 12-4-2017 പ്രകാരമാണ് നെന്മാറ ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുള്ളതെന്നും സർക്കാർ അംഗീകാരം വൈകിയതിനാലാണ് കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റിയ തുക ചെലവഴിക്കാതിരുന്നതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
പഞ്ചായത്ത് വിഹിതം ലക്ഷ്യമിട്ട ആവശ്യങ്ങൾക്കായി സമയബന്ധിതമായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുകയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള

## മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല

പ്രൊജക്റ്റ് നം. - 33/2017-ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ

അടങ്കൽ - 200000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവ് - 200000 രൂപ

ബിൽ നമ്പർ

30/16-17/7-3-2017 - 200000

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം പ്രവർത്തിക്കുന്നതിനാൽ മരുന്നുകൾ വാങ്ങി നൽകുന്നതിനുള്ള പ്രൊജക്റ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രവർത്തിച്ചത് സെക്രട്ടറിയാണ്.

2016-17 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോ ഫാർമസി, ആലപ്പുഴയുടെ ബാങ്ക് അക്കൗണ്ടിലേക്ക് 200000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (അക്കൗണ്ട് നം. 34306403911).

ഇൻവോയ്സ് നം. പി.എഫ്.12-69/21-2-2017 പ്രകാരം 19 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത്. നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.25/7-8-2017നുള്ള മറുപടിയിലും 8-8-2017ന് നടന്ന എക്സിറ്റ് മീറ്റിങ്ങിൽ ചർച്ചയിലും ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിന് വിതരണക്കാരുമായി കരാർ വെയ്ക്കുന്നത് അഭികാമ്യമായിരിക്കും.

## 3-9 ആയുർവേദ ആശുപത്രിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല

പ്രൊജക്ട് നം. - 12/2017

അടങ്കൽ - 600000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(ആയുർവേദം)

ചെലവ് - 600000 രൂപ

ബിൽ നമ്പർ

1. 2/16-17/24-1-2017=600000

2016-17 സാമ്പത്തിക വർഷത്തിൽ ആയുർവേദ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, ഔഷധി തൃശ്ശൂരിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് 600000/- രൂപ നല്കിയിട്ടുണ്ട്. അംഗീകൃത പദ്ധതി പ്രകാരം 98 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത് (ഇൻവോയിസ് നമ്പർ-1424/16.1.17). നാളിതുവരെ 375121 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് (ഇൻവോയിസ് നമ്പർ 4770/20-3-2017 പ്രകാരം 28 ഇനം മരുന്നുകൾ (രൂപ 146459), 5132/31-3-2017 പ്രകാരം 34 ഇനം മരുന്നുകൾ-(രൂപ-228662). 224879/- രൂപയുടെ മരുന്നുകൾ ലഭ്യമാകുവാനുണ്ട്.

ഓഡിറ്റ് അന്വേഷണം നം.12/4-8-2017 നുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം നേരിടുന്നത് ആശുപത്രിയുടെപ്രവർത്തനത്തെ ബാധിക്കുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ 8-8-2017 ലെ എക്സിറ്റ് മീറ്റിംഗിൽ അഭിപ്രായപ്പെട്ടു. ആയതിനാൽ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം

ഒഴിവാക്കുന്നതിനായി ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭരണ സമിതിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

## 3-10 പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം

സാന്ത്വന ചികിത്സക്കായി തൻവർഷം ആവിഷ്കരിച്ച പ്രൊജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

1. 16/2017-പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -456000 (വികസന ഫണ്ട്)

ചെലവ് – 364052

2. 83/2017-പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -22713 (വികസന ഫണ്ട്)

ചെലവ് – 22713

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015 /തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി വകയിരുത്തിയ 478713 രൂപയിൽ 386765 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ചെലവു വിവരം

| വികസന ഫണ്ട് ബിൽ നം., തിയതി | തുക |
|---|---|

| | |
|---|---|
| | |
| 1/28-3-17 | 26640 |
| 2/30.3.17 | 31152 |
| 3/30-3-17 | 56870 |
| 3/15-11-16 | 134674 |
| 4/20-12-16 | 55441 |
| 6/25-1-17 | 30825 |
| 13/15-3-17 | 28450 |
| 2/9-11-16 | 22713 |
| ആകെ | 386765 |

2017 മാർച്ച് 31 വരെയുള്ള കണക്ക പ്രകാരം പാലിയേറ്റീവ് കെയർ നോമിനൽ രജിസ്റ്ററിൽ ആകെ 550 പേർ രജിസ്റ്റർ ചെയ്യുകയും, അതിൽ ഗൃഹപരിചരണം ആവശ്യമായ 138 പേരെ ഫോളോഅപ്പ് ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്ന വരുകയും ചെയ്യുന്നുണ്ട്. ഒരു ദിവസം 7 മുതൽ 8 രോഗികളെ സന്ദർശിച്ച് പരിചരണം നല്കുന്നുണ്ട്. വീടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് പ്രതിമാസ യോഗങ്ങളിൽ വിശകലനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

പാലിയേറ്റീവ് രോഗി ബന്ധു സംഗമം, റാലി, പാലിയേറ്റീവ് ദിനാചരണം വിവിധ സംഘടനകൾ, വ്യക്തികൾ മുതലായവരുടെ സംഭാവന മുഖേന നിർദ്ധനരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനകിറ്റ് വിതരണം, ഓണകിറ്റ് വിതരണം, പാലിയേറ്റീവ് പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം, ആയുർവേദം, ഹോമിയോ മരുന്നുകൾ വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ബി. പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റിയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 ലെ ഖണ്ഡിക 2.4 പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയുടെ രൂപീകരണം, കമ്മിറ്റിയിലെ അംഗങ്ങൾ, കമ്മിറ്റിയുടെ ചുമതലകൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റി എല്ലാ മാസവും 5-ാം തിയതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മിനിറ്റ്സുകളിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3. വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന തുകയുടെ വിനിയോഗം കാര്യക്ഷമമായി നടത്തേണ്ടതാണ്.

4. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ഓഡിറ്റ് കുറിപ്പ് നം.12/4-8-2017 പ്രകാരം മേൽ വിഷയങ്ങൾ മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിന്മേലുള്ള തുടർനടപടി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-11 വിവിധ പദ്ധതികൾ പ്രകാരമുള്ള തുകകൾ

## ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ആയില്ല - തുടർനടപടികൾ ആവശ്യപ്പെടുന്നു

വിവിധ കാർഷിക പദ്ധതികളുടെ ഗുണഭോക്താക്കൾക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവു വെക്കുന്നതിൽ അപാകതകൾ ഉണ്ടായിട്ടുള്ളതായി രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്റ്റ്-24/17-നെൽകൃഷിക്ക് ഉഴവുകൂലി ചെലവ് നല്കൽ

അടങ്കൽ-4200000 (2520000-വികസന ഫണ്ട് + 630000-ബ്ലോക്ക് വിഹിതം +1050000 – ജില്ലാ പഞ്ചായത്ത് വിഹിതം)

ബിൽ നമ്പർ-1/16-17/6-3-2017 – 2520000 രൂപ

പഞ്ചായത്ത് വിഹിതമായ 2520000 രൂപ കൂടാതെ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 1680000 രൂപ കൂടി കൃഷി ഓഫീസർക്ക് തൻവർഷം അനുവദിച്ചിട്ടുണ്ട്. തുക കൃഷി ഓഫീസറുടെ പേരിലുള്ള യൂണിയൻ ബാങ്കിലെ അക്കൗണ്ടിലാണ് (അക്കൗണ്ട് നം. 339702010054792) വരവു വെച്ചിട്ടുള്ളത്.

ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭ്യമായ തുകയിൽ നിന്നും 444 കർഷകരുടെ അക്കൗണ്ടുകളിലേക്ക് 434328 രൂപ മാറ്റുന്നതിനായി 26.04.17-ന് ചെക്ക് നൽകിയെങ്കിലും തുക നാളിതുവരെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റിൽ വന്നിട്ടില്ല. തുക കൃഷി ഓഫീസറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

ചെക്ക് നം.019209/26-4-2017

II. പ്രൊഡക്ഷൻ ബോണസ് കർഷകരുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ആയില്ല

2014-15 മുണ്ടകൻ, 2015-16 വിരുപ്പ് സീസണുകളിലെ പ്രൊഡക്ഷൻ ബോണസ് തുകയായ 119440 രൂപ 289 കർഷകർക്ക് നൽകുന്നതിനായി ചെക്ക് നം.09203/24.5.17 പ്രകാരം പിൻവലിച്ച് കർഷകരുടെ പേരിലുള്ള വിവിധ നാഷണലൈസ്ഡ് ബാങ്കുകളിലുള്ള അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനായി ബാങ്കിലേക്ക് സ്റ്റേറ്റ്മെന്റ് നൽകിയെങ്കിലും നാളിതുവരെ കർഷകരുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റിൽ വന്നിട്ടില്ല. തുക കൃഷി ഓഫീസറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

III. വിവിധ പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ നൽകിയ തുകകൾ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ആകാതെ 40770/- രൂപ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് തിരികെ വന്നിട്ടുണ്ട്. തുക നിലവിൽ കൃഷി ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.26/7-8-2017 നുള്ള മറുപടിയിൽ അക്കൗണ്ട് നമ്പറുകളിലെ പിഴവും IFSC കോഡിലെ പിഴവും മൂലമാണ് തുക ക്രെഡിറ്റ്

ആകാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ബില്ലുകളോടൊപ്പം സമർപ്പിക്കുന്ന രേഖകളിലെ അപാകതകൾ ഒഴിവാക്കി, പൂർണ്ണമാക്കേണ്ടത് (അക്കൗണ്ട് നം/ആധാർ നം/ബാങ്ക് കോഡ്/IFSC നമ്പർ എന്നിവ) കർഷകർക്ക് തുക അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

കൃഷി ഓഫീസറുടെ പേരിൽ യൂണിയൻ ബാങ്ക് അക്കൗണ്ടിൽ നിലവിൽ 728097 (11-7-2017ലെ ബാലൻസ്) രൂപ അവശേഷിക്കുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-12 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- നെന്മാറ ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനായി ബേസ്‌ലൈൻ സർവ്വേ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി 15400/- രൂപ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നമ്പർ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 12000/- രൂപ വീതം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു.

കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016 ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.

2016-17 വർഷത്തിൽ നെന്മാറ ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ വിവരം

പ്രോജക്റ്റ് നമ്പർ. 3/17- വ്യക്തിഗത കക്കൂസ് നിർമ്മാണം

അടങ്കൽ -3803800 (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

ചെലവ് - 3803800രൂപ

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 1/16-17/ 30.8.16 | 770000 |
| 2 | 2/16-17/ 22.9.16 | 1001000 |
| 3 | 3/ 16-17/ 1.10.16 | 616000 |
| 4 | 4/16-17/ 14.11.16 | 616000 |
| 5 | 7/16-17/ 14.12.16 | 800800 |
| ആകെ | | 3803800 |

ബേസ്‌ലൈൻ സർവ്വേ പ്രകാരം ഗ്രാമപഞ്ചാത്ത് 247 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും തൻവർഷത്തിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച 247 പേർക്കും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി വികസന ഫണ്ടിൽനിന്നും വകയിരുത്തിയ 3803800/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

ബി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വ മിഷൻ മുഖേന 2223000 രൂപ കേന്ദ്ര ഫണ്ടായി പിന്നീട് ലഭ്യമായിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | 874698/27.12.16 | 1037400 | വല്ലങ്ങി വിത്തനശ്ശേരി സർവ്വീസ് സർവ്വീസ് സഹകരണ ബാങ്ക്-നെന്മാറ-അക്കൗണ്ട് നമ്പർ-എസ്.ബി-68 |
| 2 | 111539/17.3.17 | 1185600 | |
| ആകെ | | 2223000 | |

സി. കേന്ദ്രഫണ്ടിന്റെ വിനിയോഗ വിവരം

സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/ത.സ്വ.ഭ.വ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം, പദ്ധതി നടത്തിപ്പിലായതിനുശേഷം

ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ആയതനുസരിച്ച് കേന്ദ്രവിഹിതം വകയിരുത്തി തൻവർഷം പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല, ആയതിനാൽ കേന്ദ്ര വിഹിതമായി ലഭ്യമായ 2223000/- രൂപ തനത് ഫണ്ടിൽ അവശേഷിക്കുകയാണ്.

ഡി. വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്ത്

27.9.2016 തിയ്യതിയിൽ ഗ്രാമപഞ്ചായത്തിനെ വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുകയോ അല്ലാത്തപക്ഷം ഉചിതമാർഗ്ഗേന തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.4/4.8.17 ന് തൃപ്തികരമായ മറുപടി ലഭ്യമായിട്ടില്ല. കേന്ദ്ര ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1267354/- രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി.

വല്ലങ്ങി-വിത്തനശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, നെന്മാറ(അക്കൗണ്ട് നം-എസ്.ബി-68)

നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 517420 |
| വരവ് | 2606801 |
| ആകെ | 3124221 |

| | |
|---|---|
| ചെലവ് | 1856867 |
| നീക്കിയിരിപ്പ് | 1267354 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം.9/4.8.17 പ്രകാരവും 8-8-2017ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്.

ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫണ്ട് വിനിയോഗം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഖണ്ഡിക 3-14(1) കൂടി കാണുക).

# 3-14 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

1. അങ്കണവാടികളുടെ ഭൗതികസാഹചര്യം വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിൽ ആകെ 47 അങ്കണവാടികളാണുള്ളത്. ഇതിൽ 5 എണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം പകൽ വീട്ടിലുമായാണ് പ്രവർത്തിക്കുന്നത്. ഇനിയും 41 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 23 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. 2 അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ള സൗകര്യം ഉള്ളത്. 40 അങ്കണവാടികളിൽ ടോയ്‌ലെറ്റ് സൗകര്യം ഉണ്ട്. ഒരു അങ്കണവാടിയിൽ മാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. 6 അങ്കണവാടികളിൽ

ടോയ്‌ലെറ്റ് സൗകര്യം ഇല്ല.

അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നം. എ-1/10034/16 പ്രകാരം ആരോഗ്യമേഖലയിൽ നിരവധി സഹായങ്ങളും പ്രതിരോധ ചികിത്സകളും ലഭിക്കുന്ന അങ്കണവാടികളെ അവഗണിച്ച് സാധാരണ ജനങ്ങൾപോലും കൂണുപോലെ മുളച്ച് പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം പ്ലേ സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള പ്രവണത തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾ തയ്യാറാക്കുമ്പോൾ ആയതിന് പ്ലാൻ തയ്യറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്‌ലെറ്റ് എന്നിവകൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നതിന് പകരം ഉള്ള അങ്കണവാടികളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമായില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 2 പോഷകാഹാര പരിപാടികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. പോഷകാഹാരത്തിനായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.10,

1.2.10 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായില്ല.

3. ഫിറ്റനസ് സർട്ടിഫിക്കറ്റ് ഇല്ല

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.3.2011 ഖണ്ഡിക (സി) 1, 2, 3 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് പ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനിയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.10/4.8.17 പ്രകാരവും 8-8-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിലും മേൽ വിഷയങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. - 38/17-കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

വികസന ഫണ്ട് – 312500

ഗുണഭോക്തൃ വിഹിതം – 625000

മറ്റിനം – 312500

1250000

ചെലവ് - 212500

ബിൽ നമ്പർ -2 /29.3.17

പദ്ധതി പ്രകാരം 34 ഗുണഭോക്താക്കൾക്കായി 6250 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി ₹212500/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നമ്പർ-00008). പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് അന്വേഷണം നം.14/4.8.17 നുള്ള മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-16 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്- അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ 95 പ്രവൃത്തികളിൽ 41 എണ്ണം

ആരംഭിക്കുകയും 39 എണ്ണം പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട്. 22 ടാറിംഗ് പ്രവൃത്തികൾ ഉൾപ്പെടെ 56 എണ്ണം സ്പിൽ ഓവറായിട്ടുണ്ട്. 51 പ്രവൃത്തികളാണ് തൻവർഷം ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 70025035 രൂപയിൽ 15555193 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത് (22%).

നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം |
|---|---|---|
| 1 | കുടിവെള്ള പദ്ധതി | 1 |
| 2 | റോഡ് മെറ്റലിംഗ്/ കോൺക്രീറ്റ് | 12 |
| 3 | റോഡ് ടാറിംഗ്/ റീടാറിംഗ് | 4 |
| 4 | റോഡ്-പാർശ്വഭിത്തി നിർമ്മാണം-ഡ്രൈനേജ് | 13 |
| 5 | കെട്ടിടം | 11 |
| ആകെ | | 41 |

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.
2. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
4. കാലഹരണപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.

5. ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ അതാത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. പല എഗ്രിമെന്റുകളിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. എഗ്രിമേന്റ് നമ്പർ, കരാറുകാരുടെ ഒപ്പ്, വിലാസം, അസി.എഞ്ചിനിയറുടെ ഒപ്പ്, സാക്ഷികളുടെ ഒപ്പ് എന്നിവ രേഖപ്പെടുത്താത്ത എഗ്രിമെന്റുകളും ഉള്ളതായി കണ്ടെത്തി.

- എഗ്രിമെന്റ് കൃത്യതയോടെ സൂക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കരാറുകാർ ടാറിംഗ് പ്രവൃത്തികൾ തൻവർഷം പൂർത്തീകരിക്കാതിരുന്നതിനാലാണ് ചെലവ് കുറവായതെന്ന് ഓഡിറ്റ് അന്വേഷണം നം. 16/5-8-2017 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. രേഖകൾ കൃത്യതയോടെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് 8-8-2016 ലെ എക്സിറ്റ് മീറ്റിംഗിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രതിനിധി അറിയിച്ചു.

- മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- പരമാവധി ഫണ്ട് അതാത് വർഷം തന്നെ ചെലവഴിക്കേണ്ടതാണ്.

# 3-17 വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്

അഞ്ച് ലക്ഷത്തിനു മുകളിൽ അടങ്കലുള്ള വിവിധ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. 2016-17

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറ ങ്ങളുടെ എണ്ണം | ടെണ്ടർ ഫോറ ത്തിന്റെ വില | വില്പന നികുതി | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 144/17-ഷോപ്പിംഗ് കോംപ്ലക്സ്-ബസ് സ്റ്റാന്റ്-മധ്യഭാഗത്ത് | 4400000 | 7 | 17500 | 875 | 17-3-2017 |
| 2 | 145/17-പഞ്ചാ യത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 3000000 | 2 | 5000 | 250 | |
| 3 | 150/17- അയനംപാടം അങ്കണവാടി കെട്ടിടം | 700000 | 5 | 7000 | 350 | |
| 4 | 149/തെക്കേ തറ അങ്കണവാടി കെട്ടിടം | 700000 | 3 | 4200 | 210 | |
| 5 | 123/17-ചാട്ടിയോട് അങ്കണവാടി കെട്ടിടം | 1200000 | 3 | 7500 | 375 | |
| 6 | ചാത്തമംഗലം അങ്കണവാടി കെട്ടിടം | 700000 | 6 | 8400 | 420 | |
| ആകെ | | | | 49600 | 2480 | |

II. 2015-16

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറ ങ്ങളുടെ എണ്ണം | ടെണ്ടർ ഫോറ ത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 136/16-ഷോപ്പിംഗ് കോംപ്ലക്സ് കം കംഫർട്ട് സ്റ്റേഷൻ - ബസ് സ്റ്റാന്റിന് വടക്ക് | 3521000 | 1 | 2500 | 125 | 30-9-2015 |
| 2 | 211/15-ബസ് സ്റ്റാന്റിന് തെക്ക് വശത്ത് ഷോപ്പിംഗ് കോംപ്ലക്സ്- | 2115000 | 3 | 7500 | 375 | |
| 3 | പഞ്ചായത്തിന് തെക്ക വശത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 4364000 | 2 | 5000 | 250 | |
| 4 | 245/16-പി.എച്ച്.സി കെട്ടിട നിർമ്മാണം | 4000000 | 8 | 20000 | 1000 | 7-6-2016 |
| ആകെ | | | | 35000 | 1750 | |

2015-16, 2016-17 വർഷങ്ങളിലെ ആകെ ടെണ്ടർ ഫീ 84600 (49600+35000) രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാറ്റ് തുകയായ 4230രൂപ (2480+1750) സർക്കാരിലേക്കും ഒടുക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.16/5-8-2016നുള്ള മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-18 മരാമത്ത് പ്രവൃത്തികളുടെ കരാറുകാരൻ

## കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 241/16-അകംപാടം ചെമ്മന്തോട് റോഡ് മെറ്റലിംഗ് -റീടാറിംഗ്<br>അടങ്കൽ - 329434<br>കരാർ തുക - 329434<br>കരാറുകാരൻ - ശ്രീ.സി.വിജയരാഘവൻ<br>എം.ബുക്ക് നം. - | 9-6-2016 | 23-6-2016 | 20-8-2016 (നം.123) | 3294 |

| | | | | |
|---|---|---|---|---|
| 105/15-16<br><br>ബിൽ നം.- 2/11-1-2017-329431 | | | | |

കരാറുകാരനിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ പിഴ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.17/5-8-2017 നുള്ള മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-19** കെട്ടിട നിർമ്മാണത്തിന്റെ ബില്ലുകളിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് കരാറുകാർക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനിയർ 2016-17 വർഷത്തിൽ നിർവ്വഹണം നടത്തിയ രണ്ട് കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ അവസാന ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള സർവ്വീസ് ടാക്സ് കരാറുകാർക്ക് നേരിട്ട് അനുവദിച്ചിട്ടുണ്ട്. കരാറുകാർ കേന്ദ്ര സർക്കാരിലേക്ക് മുൻകൂറായി സർവ്വീസ് ടാക്സ് ഒടുക്കി രസീതി ഹാജരാക്കിയാൽ മാത്രമേ നികുതി തുക കരാറുകാർക്ക് അനുവദിക്കാവൂ എന്നിരിക്കെ കരാറുകാർ സർവ്വീസ് ടാക്സ് ഒടുക്കിയതിന്റെ രസീതി ഹാജരാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 1. 126/17-വെറ്ററിനറി ആശുപത്രി നവീകരണം | 2. 161/17-പഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാൾ നവീകരണം |
|---|---|
| അടങ്കൽ - 184000<br><br>കരാർ തുക - 184000<br><br>കരാറുകാരൻ - ശ്രീ.എം.രാധാകൃഷ്ണൻ<br><br>എഗ്രിമെന്റ് നം. 35/25-2-2017<br><br>എം.ബുക്ക് നം. - 15/16-17<br><br>ബിൽ നം. - 24/21-3-2017- 183997<br><br>(പ്രവൃത്തി മൂല്യം - 166513.21 + | അടങ്കൽ - 300000<br><br>കരാർ തുക - 299700<br><br>കരാറുകാരൻ - ശ്രീ.വി.തങ്കപ്പൻ<br><br>എഗ്രിമെന്റ് നം. 55/17-3-2017<br><br>എം.ബുക്ക് നം. - 27/16-17<br><br>ബിൽ നം. - 36/30-3-2017- 231774<br><br>(പാർട്ട് ബിൽ)<br><br>(പ്രവൃത്തി മൂല്യം - 233033.82 |

| | |
|---|---|
| സർവ്വീസ് ടാക്സ് 10.5% - 17483.89 = 183997.10) | + സർവ്വീസ് ടാക്സ് 10.5% - 24493.04<br>– റീടെൻഷൻ (10%) 25713 = 231774) |

കരാറുകാർ സർവ്വീസ് ടാക്സ് ഒടുക്കി രസീതി ഹാജരാക്കാതെ തുക കരാറുകാർക്ക് നൽകിയതിന്റെ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/5-8-2017 നുള്ള മറുപടിയിൽ രസീതി കരാറുകാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വെറ്ററിനറി ആശുപത്രി നവീകരണം എന്ന പ്രവൃത്തിയുടെ കരാറുകാരൻ നൽകിയ സർവ്വീസ് ടാക്സ് 17484 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാൾ നവീകരണം എന്നി പ്രവൃത്തിയുടെ കരാറുകാരന് പാർട്ട് ബില്ലിനോടൊപ്പം അനുവദിച്ച സർവ്വീസ് ടാക്സ് 24493/- രൂപ അവസാന ബില്ലിൽ ക്രമീകരിക്കുന്നതുവരെ തുക തടസ്സത്തിൽ വെക്കുന്നു. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-20 ജി.ആർ.ഡി കെട്ടിട നിർമ്മാണം - പാർട്ട് ബില്ലുകൾ അനുവദിച്ചതിൽ അപാകത

245/16- ജി.ആർ.ഡി കെട്ടിട നിർമ്മാണം

അടങ്കൽ - 4000000

കരാർ തുക - 347600

കരാറുകാരൻ - ശ്രീ.കെ.രാധാകൃഷ്ണൻ

എഗ്രിമെന്റ് നം. 126/8-7-2016

എം.ബുക്ക് നം. - 113,113,118/15-16

ഒന്നാം പാർട്ട് ബിൽ - 10/25-2-2017 -1583148

രണ്ടാം പാർട്ട് ബിൽ - 35/30-3-2017 -507161

രണ്ട് പാർട്ട് ബില്ലുകളിൽ നിന്നും ടെണ്ടർ വ്യതിയാനം 10.31% കുറവ് ചെയ്യുന്നതിനു പകരം 10.3% മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. നികുതികൾ കുറവ് ചെയ്തിട്ടുള്ളത് ടെണ്ടർ വ്യതിയാനം കുറവ് ചെയ്യുന്നതിനു മുമ്പുള്ള തുകയിൽ നിന്നാണ്. നികുതികൾ ഈടാക്കിയതിലും കൃത്യതയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ഒന്നാം പാർട്ട് ബിൽ

| ഒന്നാം പാർട്ട് ബിൽ പ്രകാരം കണക്കാക്കിയ തുക | | യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നത് | | വ്യത്യാസം | കുറിപ്പ് |
|---|---|---|---|---|---|
| പ്രവൃത്തി മൂല്യം | 1961040.25 | പ്രവൃത്തി മൂല്യം | 1961040.25 | | |
| (-) 10.3 % | 201987.14 | -10.31% | 202183.25 | 196.11 | കരാറുകാരന് 196 രൂപ അധികം നൽകി. |
| | 1759053.11 | | 1758857 | | |
| (-) റീടെൻഷൻ 10% | 175905.31 | (-) റീടെൻഷൻ 10% | 175905.31 | | |
| | 1583147.8 | | 1582951.69 | | |
| വാറ്റ് | 78442 | | 70354.28 | 8087.72 | ടെണ്ടർ വ്യതിയാനം കഴിച്ചുള്ള തുകയ്ക്കാണ് നികുതി ചുമത്തേണ്ടത്. നികുതിയിനത്തിൽ 12130.60 രൂപ കൂടുതലായി ഈടാക്കിയിട്ടുണ്ട്. |
| ആദായ നികുതി | 19610 | | 17588.57 | 2021.43 | |
| ക്ഷേമനിധി | 19610 | | 17588.57 | 2021.43 | |
| ബാക്കി | 1465485.8 | | 1477420.27 | | |

2. രണ്ടാം പാർട്ട് ബിൽ

| രണ്ടാം പാർട്ട് ബിൽ പ്രകാരം കണക്കാക്കിയ തുക | | യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നത് | | വ്യത്യാസം | കുറിപ്പ് |
|---|---|---|---|---|---|
| പ്രവൃത്തി മൂല്യം | 636337.52 | പ്രവൃത്തി മൂല്യം | 636337.52 | | |
| - 10.3 % | 65542.64 | -10.31% | 65606.40 | 63.76 | കരാറുകാരന് 64 രൂപ അധികം നൽകി. |
| | 570794.88 | | 570731.12 | | |
| (-) റീടെൻഷൻ 10% | 63633.75 | (-) റീടെൻഷൻ 10% | 63633.75 | | |
| | 507161.13 | | 507097.37 | | |
| വാറ്റ് | 20286 | | 22829.24 | 2543.24 | ടെണ്ടർ വ്യതിയാനം കഴിച്ചുള്ള തുകയ്ക്കാണ് നികുതി ചുമത്തേണ്ടത്. നികുതിയിനത്തിൽ 3813.86 രൂപ കുറവായാണ് ഈടാക്കിയിട്ടുള്ളത്. |
| ആദായ നികുതി | 5072 | | 5707.31 | 635.31 | |
| ക്ഷേമനിധി | 5072 | | 5707.31 | 635.31 | |
| | 476731.13 | | 472853.5 | | |

ടെണ്ടർ വ്യതിയാനം 10.31% ന് പകരം 10.3% കുറവു ചെയ്തതിനാൽ രണ്ട് ബില്ലുകളിൽ നിന്നുമായി കരാറുകാരന് 259.87 രൂപ (196.11+63.76) അധികം നൽകിയിട്ടുണ്ട്.

ആദ്യ ബില്ലിൽ നിന്ന് 12130.60 രൂപ കൂടുതലായും രണ്ടാം ബില്ലിൽ നിന്ന് 3813.86 രൂപ കുറവായുമാണ് നികുതികൾ ഈടാക്കിയിട്ടുള്ളത്. ആകെ 8316.72 രൂപ കൂടുതലായി കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.17/5-8-2017നുള്ള മറുപടിയിൽ അവസാന ബില്ലിൽ നിന്നും തുക ക്രമീകരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

അവസാന ബിൽ തയ്യാറാക്കുമ്പോൾ അപാകതകൾ ക്രമീകരിച്ചതിനുശേഷം മാത്രം ബിൽ തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുമ്പോൾ കൃത്യത പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തിയുടെ ഫയൽ അടുത്ത ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-21 ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളുടെയും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റേയും സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2015-16, 2016-17 വർഷങ്ങളിൽ അഞ്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനായി 5 പ്രൊജക്റ്റുകളാണ് ആവിഷ്കരിച്ചിരുന്നത്. ആയതിൽ ഒരെണ്ണം പൂർത്തീകരിക്കുകയും 3 എണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലുമാണ്. ഒരെണ്ണത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പത്രപരസ്യം മുഖേന താത്പര്യ പത്രം ക്ഷണിച്ച് കടമുറികൾക്ക് ഡെപ്പോസിറ്റ് സ്വീകരിച്ചാണ് നിർമ്മാണങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തിയിട്ടുള്ളത്.

നിലവിലുള്ള പഞ്ചായത്ത് ഓഫീസിനു പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഒരു പ്രൊജക്റ്റും ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനിയർ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ/ ഫണ്ടിനം | നാളിതുവരെയുള്ള ചെലവ് |
|---|---|---|---|
| 1 | 136/16 (68/17) - ഷോപ്പിംഗ് കോംപ്ലക്സ് കം കംഫർട്ട് സ്റ്റേഷൻ - ബസ് സ്റ്റാന്റിന് വടക്ക് | വികസന ഫണ്ട് 1500000<br>തനത് ഫണ്ട് 2021000<br>--------------------<br>ആകെ - 3521000 | 735759<br>(വികസന ഫണ്ട്)<br>ബിൽ നം. 136/<br>30-3-2016 |

| | | | |
|---|---|---|---|
| 2 | 70/17-പഞ്ചായത്തിന്<br>തെക്കു വശത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 4364000<br>(തനത് ഫണ്ട്) | 1517393<br>വൗ. നം. 1031/<br>28-2-2017 |
| 3 | 144/17-ഷോപ്പിംഗ് കോംപ്ലക്സ്-ബസ് സ്റ്റാന്റിന്റെ മധ്യഭാഗത്ത് | 4400000<br>(തനത് ഫണ്ട്) | 0 |
| 4 | 157/17-ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാം നില നിർമ്മാണം | 3000000<br>(തനത് ഫണ്ട്) | 0 |
| 5 | 145/17-പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 3000000<br>(തനത് ഫണ്ട്) | 0 |
| ആകെ | | 20400000 | 4013477 |

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിനായി തനത് ഫണ്ടിനു പകരം മറ്റ് ഫണ്ടുകൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവെച്ച് പൂർത്തീകരണ തിയതി പുനർ നിശ്ചയിക്കേണ്ടതാണ്.

ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും കൃത്യമായ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.18/5-8-2017നുള്ള മറുപടിയിൽ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഫയലുകൾ അടുത്ത ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 630000 | ഉഴവുകൂലി | 630000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1050000 | ഉഴവുകൂലി | 1050000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | 8/17-വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 22/ 27-12-2016 | 389040 | 389040 | - | 0 |
| | 133/17-സമ്പൂർണ്ണ വൈദ്യുതീകരണം | 24/ 18-1-2017 | 30198 | 30198 | - | 0 |

| | | | | | |
|---|---|---|---|---|---|
| | 25/<br>18-1-2017 | 158452 | 158452 | - | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 4168373 |
| തൻവർഷം നിക്ഷേപിച്ച തുക | 4825423 |
| പലിശ വരവ് | 365986 |
| ആകെ | 8993796 |
| തന്നാണ്ടിൽപിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന തുക (വാർഷിക കണക്ക് പ്രകാരം) | 9359782 |

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഇൻവെസ്റ്റ്മെന്റുകളുടെ പത്രിക പ്രകാരം 38 നിക്ഷേപങ്ങളാണുള്ളത്. പത്രിക പ്രകാരം ആകെ തുക 9191889 രൂപയാണെങ്കിലും വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

സ്ഥിര നിക്ഷേപത്തിന്റെ വിശദാംശങ്ങൾ

| ബാങ്ക് | രസീതി നം. | തിയതി | ഡെപ്പോസിറ്റ് |
|---|---|---|---|
| വല്ലങ്ങി - | 2300 | 29/04/2017 | 113571 |

| | | | |
|---|---|---|---|
| വിത്തനശ്ശേരി സഹകരണ ബാങ്ക് | 23501 | 29/04/2017 | 113571 |
| | 23502 | 29/04/2017 | 113571 |
| | 23503 | 29/04/2017 | 113571 |
| | 23504 | 29/04/2017 | 113571 |
| | 23505 | 29/04/2017 | 113571 |
| | 9373 | 16/02/2017 | 106393 |
| | 9372 | 16/02/2017 | 106335 |
| | 9371 | 16/02/2017 | 106335 |
| | 9368 | 16/02/2017 | 106335 |
| | 9369 | 16/02/2017 | 106335 |
| | 7726 | 28/06/2017 | 104000 |
| | 7727 | 28/06/2017 | 104000 |
| | 7728 | 28/06/2017 | 104000 |
| | 7729 | 28/12/2016 | 52000 |
| | 7784 | 07/05/2017 | 104000 |
| | 7783 | 07/05/2017 | 104000 |
| | 7781 | 07/05/2017 | 104000 |
| | 7782 | 07/05/2017 | 104000 |
| | 7779 | 07/05/2017 | 104000 |
| | 7778 | 07/05/2017 | 104000 |
| | 7777 | 07/05/2017 | 104000 |
| | 7776 | 07/05/2017 | 104000 |
| | 7775 | 07/05/2017 | 104000 |
| | 7774 | 07/05/2017 | 104000 |
| | 7773 | 07/05/2017 | 104000 |
| | 7772 | 07/05/2017 | 104000 |
| | 7771 | 07/05/2017 | 104000 |

| | | | |
|---|---|---|---|
| | 7770 | 07/05/2017 | 104000 |
| | 7769 | 07/05/2017 | 104000 |
| | 7768 | 07/05/2017 | 104000 |
| | 7767 | 07/05/2017 | 104000 |
| | 7766 | 07/05/2017 | 104000 |
| | 7765 | 07/05/2017 | 104000 |
| | 7785 | 07/05/2017 | 12594 |
| യൂണിയൻ ബാങ്ക് | 223499 | 30/06/2017 | 500000 |
| | 223464 | 05/02/2017 | 2063313 |
| | 229904 | 28/02/2017 | 3062823 |
| ആകെ | | | 9191889 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-17 (11) | 2005-06 | 2.58.1 | കരിങ്കല്ല് ലേലം | ആർ.ആർ നടപടികൾക്കായി കത്ത് നല്കി. |
| 2009-10 | 3-20 | 2010-11 | - | VFPCK | ആർ.ആർ കത്ത് നല്കി |
| 2014-15 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2014-15 | 5 | മൃഗ സംരക്ഷണം/ ക്ഷീര | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | വികസനം പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 100589599 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82740253 |
| വരവിനങ്ങളിലുള്ള നഷ്ടം | 16398 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38178 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1154780 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 16398 | - | ശ്രീ.ഇ.ഷാജഹാൻ, സെക്രട്ടറി |
| 3-5 | - | 17400 | ശ്രീ.ഇ.ഷാജഹാൻ, സെക്രട്ടറി |
| 3-18 | - | 3294 (Fine) | ശ്രീ.വി.എച്ച്.അബ്ദുൾ കരീം<br>അസി.എഞ്ചിനിയർ |
| 3-19 | - | 17484 (സേവന നികുതി) | ശ്രീ.വി.എച്ച്.അബ്ദുൾ കരീം<br>അസി.എഞ്ചിനിയർ |
| ആകെ | 16398 | 38178 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1130287 | ശ്രീ.ഇ.ഷാജഹാൻ, സെക്രട്ടറി |
| 3-19 | 24493 (സേവന നികുതി) | ശ്രീ.വി.എച്ച്.അബ്ദുൾ കരീം<br>അസി.എഞ്ചിനിയർ |
| ആകെ | 1154780 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഇ.ഷാജഹാൻ, സെക്രട്ടറി | സെക്രട്ടറി, നെന്മാറ ഗ്രാമപഞ്ചായത്ത് | ഇടത്തറ, ദാറുസലാം, മോരാംകുന്ന്, കാളാംകുളം,<br>വടക്കഞ്ചേരി(പി.ഒ),<br>പാലക്കാട്-678683 |
| ശ്രീ.വി.എച്ച്.അബ്ദുൾ കരീം, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, നെന്മാറ ഗ്രാമപഞ്ചായത്ത് | വലിയവീട്ടിൽ,<br>കുറുമല(പി.ഒ)- ചേലക്കര, തൃശ്ശൂർ- |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.10-486/01/12-6-2001 | 4 |
| 1997-98 | എൽ.എഫ്.പി.10-825/02/6-2-2003 | 6 |
| 1998-99 | എൽ.എഫ്.പി.10-825/02/6-2-2003 | 9 |
| 1999-2000 | എൽ.എഫ്.പി.12-242/09/8-5-2010 | 11 |
| 2000-01 | എൽ.എഫ്.പി.12-202/09/6-5-2010 | 8 |
| 2001-02 | എൽ.എഫ്.പി.12-247/09/6-5-2010 | 12 |
| 2002-03 | എൽ.എഫ്.പി.12-986/06/5-4-2008 | 7 |
| 2003-04 | എൽ.എഫ്.പി.12-987/05/7-2-2006 | 5 |
| 2004-05 | എൽ.എഫ്.പി.12-39/09/5-1-2010 | 13 |
| 2005-06 | എൽ.എഫ്.പി.11-239/10/4-1-2011 | 8 |
| 2006-07 | എൽ.എഫ്.പി.18-895/11/27-10-2011 | 10 |
| 2007-08 | | |
| 2008-09 | | |
| 2009-10 | എൽ.എഫ്.പി.18-2191/12/6-5-2013 | 4 |
| 2010-11 | | |
| 2011-12 | എൽ.എഫ്.പി.18-46/14/2-4-2014 | 11 |
| 2012-13 | എൽ.എഫ്.പി.18-643/15/24.8.15 | 11 |

| | | |
|---|---|---|
| 2013-14<br>2014-15 | കെ.എസ്.എ-പികെഡി18/1416/16/9.8.2016 | 11 |
| 2015-16 | കെ.എസ്.എ-പികെഡി18/227/16/8.2.2017 | 10 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി.18-1589/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -23-08-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

4. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

5. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള തുക മാറുന്നതിനായി കൃഷി ഓഫീസറുടെ പേരിൽ യൂണിയൻ ബാങ്കിൽ നിലവിൽ 728097 രൂപ നീക്കിയിരിപ്പായുണ്ട്.

താഴെ പറയുന്ന ഉപയോഗ രഹിതമായ അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് | പൈക്ക 53091 | 194074 | - |
| 2 | യൂണിയൻ ബാങ്ക് | എസ്.എസ്.എ 5722 | 461142 | - |
| 3 | എസ്.ബി.ടി | റെയിൽവേ റിസർവേഷൻ 67242860010 | 62490 | - |
| 4 | യൂണിയൻ ബാങ്ക് | പ്ലാൻ 5545 | 1835467 | (*) |
| 5 | ട്രഷറി | വിപിഎഫ്എ-1-2 | 16081 | - |

(*) നോൺ ബാങ്കിംഗ് ട്രഷറി സമ്പ്രദായം ഉണ്ടായിരുന്ന സമയത്ത് നിലവിലുണ്ടാ യിരുന്ന അക്കൗണ്ട്. നിലവിൽ ബാങ്കിംഗ് ട്രഷറി സമ്പ്രദായം ആയതിനാൽ അക്കൗണ്ട് നിലനിലർത്തേണ്ട ആവശ്യമില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-18-1589/2017

Kerala State Audit Department

District Audit Office, Palakkad

Date –23-08-2017

## Audit Certificate

Certified that I have audited the Annual Financial Statement of Nemmara Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nemmara Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

3. Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.

4. There is a closing balance of 728097 in the Union Bank account of Agricultural officer, to transfer fund of Individual Beneficiaries.

5. The following non operative accounts not closed till date.

| Sl. No. | Bank | Account Number | Closing Balance | Remarks |
|---|---|---|---|---|
| 1 | Union Bank | PYKA 53091 | 194074 | - |
| 2 | Union Bank | SSA 5722 | 461142 | - |
| 3 | SBT | Railway Reservation 67242860010 | 62490 | - |
| 4 | Union Bank | Plan - 5545 | 1835467 | (*) |
| 5 | Treasury | VPFA-1-2 | 16081 | - |

**(*)**The accounts opened for the non banking treasury transactions. In the present banking, treasury system there is no need to retain the account.

Deputy Director

# അനുബന്ധം 2

# നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2015-16, 2016-17 വർഷങ്ങളിലെ വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം വിലയിരുത്തൽ

I. 2015-16 വർഷം

എ. വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് (അപ്പന്റിക്സ് IV പ്രകാരം) | മുൻ ബാക്കി | തൻ വർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് % | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 14319000 | 3170868 | 15345302 | 18516170 | 13990021 | 76 | 4526149 |
| വികസന ഫണ്ട് എസ്.സി.പി | 7764000 | 4858987 | 7870701 | 12729688 | 5811401 | 46 | 6918287 |
| വികസന ഫണ്ട് ടി.എസ്.പി | 380000 | 250000 | 380000 | 630000 | 0 | 0 | 630000 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 11154000 | 3273323 | 11144728 | 14418051 | 12935593 | 90 | 1482458 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 4281000 | 1218228 | 4290272 | 5508500 | 4589489 | 83 | 919011 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7283000 | 3789945 | 6369627 | 10159572 | 10158638 | 100 | 934 |
| ലോക ബാങ്ക് സഹായം | 0 | 6556824 | 0 | 6556824 | 0 | 0 | 6556824 |
| ആകെ | 45181000 | 23118175 | 45400630 | 68518805 | 47485142 | 69 | 21033663 |

ബി. കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

2014-15 വർഷത്തിൽ ലോകബാങ്ക് സഹായത്തിൽ 6916664 രൂപയിൽ 359840 രൂപ മാത്രമാണ് ചെലവഴിച്ചത് (5.2%). ആയതിനാൽ 2015-16 വർഷത്തിൽ ലോകബാങ്ക് സഹായമായി തുകയൊന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. മുന്നിരിപ്പുണ്ടായിരുന്ന തുക സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

സി. ടി.എസ്.പി ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

ടി.എസ്.പി ഫണ്ടിനത്തിൽ തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. ലഭ്യമായ തുക പൂർണ്ണമായും സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടി വന്നു.

ഡി. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വികസന ഫണ്ട് (സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി, കെ.എൽ.ജി.എസ്.ഡി.പി ഫണ്ട്, ധനകാര്യ കമ്മീഷൻ

ഗ്രാന്റ്), മെയ്ന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ അനുവദിക്കപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കി യത് | വകയി രുത്തിയ തുക | ചെലവ് | തൻ വർഷത്തെ ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 2000000 | 2000000 | 100 |
| വി.ഇ.ഒ | 14 | 9 | 14618936 | 7630000 | 52 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 3378261 | 3318049 | 98 |
| സെക്രട്ടറി | 32 | 23 | 14297616 | 9275508 | 65 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 157 | 136 | 29628557 | 21525795 | 73 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 1 | 400000 | 300000 | 75 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 600000 | 600000 | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 881500 | 131500 | 15 |
| എച്ച്.എം | 4 | 4 | 2313935 | 2304290 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 400000 | 100 |

| | | | | | |
|---|---|---|---|---|---|
| ആകെ | 219 | 182 | 68518805 | 47485142 | 69 |

ഇ. ചെലവ് ശതമാനം

നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട പ്രൊജക്റ്റുകളിൽ 83% എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം ആകെ അനുവദിക്കപ്പെട്ട തുകയിൽ 69% തുക ചെലവഴിച്ചിട്ടുണ്ട്.

വെറ്ററിനറി സർജ്ജൻ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ 50%ൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്. വി.ഇ.ഒ 52% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2015-16 വർഷത്തിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമായി നടന്നിട്ടില്ല എന്ന് വിലയിരുത്തുന്നു.

II. 2016-17 വർഷം

എ. വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് (അപ്പന്റിക്സ് IV പ്രകാരം) | തൻ വർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 14319064 | 14319064 | 14319064 | 14319064 | 100 | 0 |
| വികസന ഫണ്ട് എസ്.സി.പി | 8696000 | 3736815 | 3736815 | 3736815 | 43 | 4959185 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് ടി. എസ്.പി | 426000 | 391914 | 391914 | 391914 | 92 | 34086 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 12283000 | 5320538 | 5320538 | 5320538 | 43 | 6962462 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 4714000 | 4608939 | 4608939 | 4608939 | 98 | 105061 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8748000 | 4113202 | 4113202 | 4113202 | 47 | 4634798 |
| ലോക ബാങ്ക് സഹായം | 6556824 | 4645466 | 4645466 | 4645466 | 71 | 1911358 |
| ആകെ | 55742888 | 37135938 | 37135938 | 37135938 | 67 | 18606950 |

ബി. ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

എസ്.സി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയ്ന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീ ഇനങ്ങളുടെ ചെലവ് 50% ൽ താഴെ മാത്രമാണ്.

സി. ലോകബാങ്ക് സഹായത്തിന്റെ വിനിയോഗം കാര്യക്ഷമമല്ല

2015-16 വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയ കെ.എൽ.ജി.എസ്.ഡി.പി സഹായം (ലോക ബാങ്ക്) 6556824 രൂപ സ.ഉ(എം.എസ്) നം.797/2017/ഫിൻ തിയതി 1-2-2017 പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്. ആയതിൽ 71% മാത്രമാണ് തൻവർഷത്തെ

ചെലവ്.

ഡി. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വികസന ഫണ്ട് (സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി, കെ.എൽ.ജി.എസ്.ഡി.പി ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്), മെയ്ന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ അനുവദിക്കപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 2940000 | 2726400 | 93 |
| വി.ഇ.ഒ | 11 | 8 | 9457800 | 7775400 | 82 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 5008600 | 4648319 | 93 |
| സെക്രട്ടറി | 29 | 16 | 13528017 | 7637543 | 56 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 95 | 41 | 29987908 | 11121573 | 37 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 478713 | 386765 | 81 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 600000 | 600000 | 100 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 342500 | 242487 | 71 |
| എച്ച്.എം | 4 | 4 | 1518179 | 1509929 | 99 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 488000 | 487522 | 100 |
| ആകെ | 152 | 81 | 64349717 | 37135938 | 58 |

ഇ. ചെലവ് ശതമാനം

നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട പ്രൊജക്റ്റുകളിൽ 53% എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്കായി നീക്കിവെച്ച തുകയിൽ 58% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

അസിസ്റ്റന്റ് എഞ്ചിനിയർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ 50%ൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്. അസി. എഞ്ചിനിയറുടെ പദ്ധതിച്ചെലവ് 37% മാത്രമാണ്. കരാറുകാർ ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് ചെലവ് ശതമാനം കുറയുവാനിടയാക്കിയതെന്ന് വിലയിരുത്തുന്നു.

2016-17 വർഷത്തിലും ഫണ്ട് വിനിയോഗം കാര്യക്ഷമമായിരുന്നില്ല എന്ന് വിലയിരുത്തുന്നു.

പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആരംഭിക്കുകയും ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയാൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.